13
2022
ജനുവരി
വ്യാഴം
ധനു 29

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 220 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-220 | പേജ് 4. വില 2.00 രൂപ




02 അമ്മയെ മുപ്പതിലേറെ തവണ വെട്ടി; മുറിവുകളിൽ കീടനാശിനി ഒഴിച്ചു

03 മുല്ലപ്പെരിയാർ; ജനങ്ങളുടെ സുരക്ഷ പരിഗണിക്കണമെന്ന് സുപ്രീം കോടതി

04 112 തീരദേശറോഡുകൾ ഇന്ന് നാടിന് സമർപ്പിക്കും



## മത്സ്യത്തൊഴിലാളികളുടെ വായ്പയുടെ മൊറട്ടോറിയം കാലാവധി നീട്ടി

തിരുവനന്തപുരം: വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്ത കടങ്ങളുടെ തിരിച്ചുപിടിക്കൽ നടപടികൾക്കുള്ള മൊറട്ടോറിയം കാലാവധി നീട്ടി. ജനുവരി ഒന്ന് മുതൽ ജൂൺ 30 വരെ ആറു മാസത്തേക്കാണ് മൊറട്ടോറിയം കാലാവധി നീട്ടിയത്.

മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങൽ, കുട്ടികളുടെ വിദ്യാഭ്യാസം, പെൺമക്കളുടെ വിവാഹം, ചികിത്സ, വീട് നിർമാണം എന്നീ ആവശ്യങ്ങൾക്ക് 2008 ഡിസംബർ 31 വരെ മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകളിലെ മൊറട്ടോറിയമാണ് മന്ത്രിസഭാ യോഗം നീട്ടിയത്. ജപ്തി നടപടികളടക്കം ഇക്കാലയളവിൽ ഒഴിവാകും.

## ഒമിക്രോൺ
# അതീവ ജാഗ്രതയില്ലെങ്കിൽ ആപത്ത്: മന്ത്രി വീണാ ജോർജ്

തിരുവനന്തപുരം: സംസ്ഥാനത്ത് ഒമിക്രോൺ ഉൾപ്പെടെയുള്ള കോവിഡ് കേസുകൾ വർധിച്ച സാഹചര്യത്തിൽ എല്ലാവരും അതീവ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. സംസ്ഥാനത്തെ ഒമിക്രോൺ കേസുകൾ 421 ആയി. പ്രതിദിന കോവിഡ് കേസുകൾ പതിനായിരം കഴിഞ്ഞു. ഈ സാഹചര്യത്തിൽ എല്ലാവരും ജാഗ്രത പാലിക്കണമെന്നും മന്ത്രി പറഞ്ഞു.

ആൾക്കൂട്ടങ്ങൾ പരമാവധി കുറയ്ക്കണം. സ്വയം സുരക്ഷയാണ് ഏറ്റവും പ്രധാനം. പൊതുസ്ഥലങ്ങളിൽ ഇറങ്ങുന്നവർ എൻ 95 മാസ്കോ, ഡബിൾ മാസ്കോ ധരിക്കേണ്ടതാണ്. പനിയും രോഗലക്ഷണങ്ങളുള്ളവരും മറച്ചുവച്ച് പൊതുയിടങ്ങളിൽ ഇറങ്ങരുത്. രോഗമുണ്ടെന്നാരും മറച്ച് വയ്ക്കരുത്. ആരോഗ്യ പ്രവർത്തകരുടെ നിർദേശമനുസരിച്ച് കോവിഡ് പരിശോധന നടത്തേണ്ടതാണെന്നും മന്ത്രി വ്യക്തമാക്കി.

ഒമിക്രോണ് ചെറിയ ഇൻകുബേഷൻ കാലയളവാണ് ഉള്ളതെങ്കിലും അതിവേഗം പടരും. ജലദോഷം, തൊണ്ടവേദന, ചുമ, ശ്വാസതടസം, പനി എന്നിവയാണ് ഒമിക്രോണിൻറെ പ്രധാന ലക്ഷണങ്ങൾ. ഇതോടൊപ്പം ലക്ഷണങ്ങളില്ലാതെയും ഒമിക്രോൺ വൻതോതിൽ പടരാം. അതിനാൽ എല്ലാവരും കോവിഡ് പ്രോട്ടോകോൾ പാലിക്കണം.



കുടുംബാംഗങ്ങളിലൂടെയും സുഹൃത്തുക്കളിലൂടെയും സ്ഥാപനങ്ങളിലൂടെയും ഒമിക്രോൺ വ്യാപിക്കാൻ സാധ്യതയുണ്ട്. നിശബ്ദ വ്യാപനത്തിനുള്ള ഒമിക്രോണിൻറെ സാധ്യത കൂടി കണക്കിലെടുത്ത് എല്ലാവരും കൃത്യമായി മാസ്ക് ധരിക്കണം.

കോവിഡ് കേസുകൾ കൂടുകയും ആശുപത്രിയിൽ ചികിത്സ തേടുന്നവരുടെ എണ്ണം കുറയുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്. അതിനാൽ വാക്സിനെടുക്കാനുള്ളവർ എല്ലാവരും എത്രയും വേഗം വാക്സിൻ എടുക്കേണ്ടതാണ്. ആരിൽ നിന്നും ആരിലേക്കും ഒമിക്രോൺ ഉൾപ്പെടെയുള്ള കോവിഡ് വരാൻ സാധ്യതയുള്ളതിനാൽ എല്ലാവരും സ്വയം സുരക്ഷ പാലിക്കണം.

ഒരുമിച്ച് ധാരാളം കേസുകൾ ഉണ്ടായാൽ ആശുപത്രിയിൽ ചികിത്സയിലുള്ളവരുടെ എണ്ണവും കൂടും. ആരോഗ്യ പ്രവർത്തകർക്കും ഒരുമിച്ച് രോഗം വരാതിരിക്കാൻ കരുതൽ വേണം. നമ്മുടെ ആരോഗ്യ സംവിധാത്തിനപ്പുറത്തേക്ക് കോവിഡ് കേസുകൾ പോകാതിരിക്കാൻ എല്ലാവരും പ്രതിരോധത്തിൽ കൂടുതൽ ശ്രദ്ധിക്കണം.

അനുബന്ധ രോഗങ്ങളുള്ളവർ സംസ്ഥാനത്ത് വളരെ കൂടുതലാണ്. പ്രമേഹം തുടങ്ങിയ അനുബന്ധ രോഗങ്ങളുള്ളവർ രോഗ നിയന്ത്രണം ഉറപ്പ് വരുത്തണം. പ്രായമായവർക്കും ഗുരുതര രോഗമുള്ളവർക്കും ശ്വാസകോശ സംബന്ധമായ അസുഖമുള്ളവർക്കും കോവിഡ് ബാധിച്ചാൽ ഗുരുതരമാകും. അതിനാൽ കഴിവതും യാത്രകളും ആൾക്കൂട്ടവും ഒഴിവാക്കണം.

ആശുപത്രി സന്ദർശനം പരമാവധി കുറച്ച് ഇ സഞ്ജീവനി സേവനങ്ങൾ പ്രയോജനപ്പെടുത്തുക. ഒരിക്കൽ കോവിഡ് പോസിറ്റീവായെന്നു കരുതിയോ വാക്സിൻ എടുത്തെന്നു കരുതിയോ ജാഗ്രത കുറവ് പാടില്ല. കോവിഡ് ഒരിക്കൽ വന്നവർക്ക് വീണ്ടും പോസിറ്റീവാകുന്ന സാധ്യതയാണുള്ളത്.

നസ്ഥാപനങ്ങളിലും കടകളിലും ഷോപ്പിംഗ് മാളുകളിലും പോകുന്നവർ കൃത്യമായ കോവിഡ് മാർഗനിർദേശങ്ങൾ പാലിക്കണം. സംസ്ഥാനത്ത് നിലനിൽക്കുന്ന ഗുരുതര സാഹചര്യം കണക്കിലെടുത്ത് എല്ലാവരും പ്രതിരോധത്തിന് പ്രാധാന്യം നൽകണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## ഡോ. എസ്. സോമനാഥ് ഐഎസ്ആർഒ ചെയർമാൻ

ബംഗളൂരു: ഐഎസ്ആർഒ ചെയർമാൻ സ്ഥാനത്തേക്ക് വീണ്ടും മലയാളി. വിക്രം സാരാഭായ് സ്പേസ് സെൻറർ മേധാവി ഡോ. എസ്. സോമനാഥിനെ ഐഎസ്ആർഒ ചെയർമാനായി നിയമിച്ചു.



ഈ മാസം 14 ന് കെ.ശിവൻ വിരമിക്കുന്ന ഒഴിവിലേക്കാണ് നിയസമനം. നിലവിൽ വിക്രം സാരാഭായ് സ്പേസ് സെൻറർ (വിഎസ്എസ്സി) ഡയറക്ടർ ആണ് സോമനാഥ്.

വിഎസ്എസ്സി ഡയറക്ടറാകുന്നതിന് മുമ്പ്, ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെൻറർ ഡയറക്ടറായി രണ്ടര വർഷം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

കൊല്ലം ടികെഎം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിന്ന് മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ബിടെക്കും ബംഗളൂരു ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ (ഐഐഎസ്സി) നിന്ന് എയ്റോസ്പേസ് എഞ്ചിനീയറിംഗിൽ സ്വർണമെഡലോടെ ബിരുദാനന്തര ബിരുദവും നേടി.

1985ൽ ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയായ വിക്രം സാരാഭായ് ബഹിരാകാശ കേന്ദ്രത്തിൽ ചേരുകയും പോളാർ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിൾ (പിഎസ്എൽവി) പദ്ധതിയുടെ പ്രാരംഭ നിർമാണ പ്രവർത്തനങ്ങളുടെ ഭാഗമാവുകയും ചെയ്തു.

ചന്ദ്രയാൻ2 ദൗത്യത്തിൻറെ ആദ്യ വിക്ഷേപണത്തിന് തടസമായ ക്രയോജനിക് എൻജിനിലെ തകരാർ പരിഹരിച്ചത് മെക്കാനിക്കൽ എൻജിനീയറിംഗ് വിദഗ്ധനായ സോമനാഥായിരുന്നു.

## തിരുവനന്തപുരത്ത് എൻജിനീയറിംഗ് കോളജിൽ നൂറിലേറെ പേർക്ക് കോവിഡ്

തിരുവനന്തപുരം: ജില്ലയിൽ പുതിയ കോവിഡ് ക്ലസ്റ്റർ. ട്രിവാൻഡ്രം കോളജ് ഓഫ് എൻജിനീയറിംഗിൽ നൂറിലേറെ പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. ക്ലാസുകൾ ഓൺലൈൻ ആക്കി. ഹോസ്റ്റലിൽനിന്ന് വിദ്യാർഥികളെ ഒഴിപ്പിക്കും.

പത്തനംതിട്ട!യിലെ സ്വകാര്യ നഴ്സിംഗ് കോളജിൽ ഒമിക്രോൺ ക്ലസ്റ്റർ രൂപപ്പെട്ടു. വിദേശത്തുനിന്നും എത്തിയ ആളുടെ സമ്പർക്ക പട്ടികയിലുണ്ടായിരുന്ന വിദ്യാർഥിയിൽനിന്നാണ് മറ്റ് വിദ്യാർഥികൾക്ക് രോഗം പിടിപെട്ടത്.

71 പേർക്ക് കോവിഡ് ബാധിച്ച തിരുവനന്തപുരം ഫാർമസി കോളജിലും ക്ലസ്റ്റർ രൂപ്പെട്ടു. പുതുവർഷാഘോഷത്തിൽ പങ്കെടുത്തവർക്കാണ് രോഗം പിടിപെട്ടത്. ഇതോടെ കോളജ് അടച്ചു.

## ബുധനാഴ്ചകളിൽ ഖാദി വസ്ത്രം ധരിക്കണം; ചീഫ് സെക്രട്ടറിയുടെ സർക്കുലർ

തിരുവനന്തപുരം: സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർ, അർധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, അധ്യാപകർ, അനധ്യാപക ജീവനക്കാർ തുടങ്ങിയവർ എല്ലാ ബുധനാഴ്ചകളിലും കൈത്തറി / ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്നു നിർദേശിച്ചു ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയി സർക്കുലർ പുറപ്പെടുവിച്ചു.

കോവിഡ് വ്യാപനത്തെത്തുടർന്നു കൈത്തറി, ഖാദി മേഖല പ്രതിസന്ധിയിലായതിനാൽ ഈ മേഖലയെ സംരക്ഷിക്കുന്നതിൻറെ ഭാഗമായാണു തീരുമാനം.

സർക്കാർ, അർധസർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കൈത്തറി, ഖാദി തുണിത്തരങ്ങളും ഉത്പന്നങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സർക്കുലറിൽ നിർദേശിച്ചു.

## ആറര മണിക്കൂർ, 51 പേജ് രഹസ്യമൊഴി; അറിയാവുന്നതെല്ലാം പറഞ്ഞെന്ന് ബാലചന്ദ്രകുമാർ

കൊച്ചി: നടിയെ ആക്രമിച്ച കേസിൽ പുതിയ വെളിപ്പെടുത്തലുമായി രംഗത്തെത്തിയ സംവിധായകൻ ബാലചന്ദ്രകുമാറിൻറെ മൊഴി എറണാകുളം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി രേഖപ്പെടുത്തി. എറണാകുളം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ നിർദേശപ്രകാരം ബാലചന്ദ്രകുമാറിൻറെ രഹസ്യമൊഴിയാണ് കോടതി രേഖപ്പെടുത്തിയത്.

കേസിലെ അന്വേഷണ സംഘം നൽകിയ അപേക്ഷ പരിഗണിച്ചാണ് ബാലചന്ദ്രകുമാറിൻറെ മൊഴി രേഖപ്പെടുത്താൻ സിജെഎം കോടതി മജിസ്ട്രേറ്റിനു നിർദേശം നൽകിയത്. ബാലചന്ദ്രകുമാറിനെ സമൻസ് അയച്ച് വിളിച്ചുവരുത്തുകയായിരുന്നു. മൊഴി രേഖപ്പെടുത്തൽ ഉച്ചയ്ക്ക് ഒന്നരയോടെ തുടങ്ങി രാത്രി എട്ടിനാണ് അവസാനിച്ചത്.

51 പേജുള്ള രഹസ്യമൊഴിയാണ് രേഖപ്പെടുത്തിയത്. മൊഴി രേഖപ്പെടുത്തൽ ആറര മണിക്കൂർ നീണ്ടു. ദിലീപിനെ പരിചയപ്പെട്ടതുമുതലുള്ള കാര്യങ്ങളും തനിക്ക് അറിയാമായിരുന്ന വിവരങ്ങൾ വെളിപ്പെടുത്താൻ വൈകിയതിൻറെ കാരണവും കോടതിയെ അറിയിച്ചതായും മൊഴി രേഖപ്പെടുത്തിയ ശേഷം ബാലചന്ദ്രകുമാർ പറഞ്ഞു.

## മലപ്പുറത്ത് മൂന്നു വയസുകാരൻ ദുരൂഹ സാഹചര്യത്തിൽ മരിച്ചു

മലപ്പുറം: തിരൂരിൽ മൂന്ന് വയസുകാരൻ ദുരൂഹ സാഹചര്യത്തിൽ മരിച്ചു. ഷെയ്ക്ക് സിറാജാണ് തിരൂർ ജില്ലാ ആശുപത്രിയിൽ മരിച്ചത്. കുട്ടിയെ ആശുപത്രിയിലെത്തിച്ച രണ്ടാനച്ഛൻ മുങ്ങി.

സംഭവത്തിൽ തിരൂർ ഇല്ലത്തപ്പാടത്തെ കാർട്ടേഴ്സിൽ താമസിക്കുന്ന പശ്ചിമ ബംഗാൾ സ്വദേശിനിയായ കുട്ടിയുടെ അമ്മ മുംതാസ് ബീവിയെ പോലീസ് കസ്റ്റഡിയിൽ എടുത്തു

## എറണാകുളത്ത് യുവാവിനെ വെട്ടിക്കൊന്നു

കൊച്ചി: എറണാകുളം പെരുമ്പാവൂരിൽ ഒരാളെ വെട്ടിക്കൊന്നു. കുറുപ്പുംപടി കീഴില്ലം സ്വദേശി അൻസിൽ സാജുവാണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ കുറുപ്പുംപടി പോലീസ് അന്വേഷണം ആരംഭിച്ചു.

## റേഷൻ വിതരണത്തിന് ജനുവരി 18 വരെ പ്രത്യേക സമയക്രമം

സെർവറിലെ സാങ്കേതിക പ്രശ്നങ്ങൾ മൂലം സംസ്ഥാനത്ത് ചിലയിടത്ത് റേഷൻ വിതരണം തടസപ്പെട്ട സാഹചര്യത്തിൽ ഈ മാസം 18 വരെ റേഷൻ കടകളുടെ പ്രവർത്തനത്തിനു പ്രത്യേക സമയക്രമം നിശ്ചയിച്ചതായി ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിൽ. റേഷൻ വിതരണം പൂർണമായി മുടങ്ങിയെന്നതു തെറ്റായ പ്രചാരണമാണെന്നും സാങ്കേതിക തകരാറിന്റെ പേരിൽ സർക്കാരിനെ പഴിക്കാനും പൊതുവിതരണ രംഗമാകെ കുഴപ്പത്തിലാണെന്നു വരുത്താനുമുള്ള ശ്രമങ്ങളെ തിരിച്ചറിയണമെന്നും അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

സെർവറിന്റെ ശേഷിയുമായി ബന്ധപ്പെട്ടാണു സാങ്കേതിക പ്രശ്നമുണ്ടായിരിക്കുന്നതെന്നു മന്ത്രി പറഞ്ഞു. ഈ പ്രശ്നം പൂർണമായി പരിഹരിക്കുന്നതു മുൻനിർത്തി 18 വരെ രാവിലെ ഏഴു ജില്ലകൾ, വൈകിട്ട് ഏഴു ജില്ലകൾ എന്ന നിലയ്ക്കാകും റേഷൻ വിതരണം ചെയ്യുക. മലപ്പുറം, തൃശൂർ, പാലക്കാട്, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, വയനാട് ജില്ലകളിലുള്ള റേഷൻ കാർഡ് ഉടമകൾക്ക് രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് 12 വരെ റേഷൻ സാധനങ്ങൾ വാങ്ങാം. എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം, കണ്ണൂർ, കോട്ടയം, കാസർകോഡ്, ഇടുക്കി ജില്ലകളിൽ ഉച്ച കഴിഞ്ഞ് 3.30 മുതൽ 6.30 വരെ റേഷൻ കടകളിൽനിന്നു സാധനങ്ങൾ ലഭിക്കും.

റേഷൻ വിതരണം പൂർണമായി തടസപ്പെട്ടെന്ന പ്രചാരണം തെറ്റാണെന്നു മന്ത്രി ചൂണ്ടിക്കാട്ടി. എട്ടാം തീയതി 2,08,392 പേരും പത്തിന് 1,79,750 പേരും 11ന് 1,03,791 പേരും സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. എട്ടിന് ഉച്ചയോടെ സാങ്കേതിക തകരാർ ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ അടിയന്തര നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു നിർദേശം നൽകി. ഇപോസ് മെഷീനിൽ വിരലടയാളം പതിപ്പിച്ച് ആളെ തിരിച്ചറിഞ്ഞാണ് റേഷൻ വിതരണം നടക്കുന്നത്. ഈ സംവിധാനത്തിലൂടെ മേഖലയിലെ തെറ്റായ പ്രവണതകൾ വലിയൊരു അളവോളം ഇല്ലാതാക്കാൻ കഴിഞ്ഞു. ഹൈദരാബാദിലെ നാഷണൽ ഇൻഫർമാറ്റിക് സെന്റർ (എൻ.ഐ.സി.) സെർവറിലൂടെയാണ് ഇപോസ് മെഷീനിന്റെ വിവരവിശകലനം നടക്കുന്നത്. നിലവിലെ സാങ്കേതിക തകരാറിന്റെ കാരണങ്ങൾ വിദഗ്ധർ പരിശോധിച്ചുവരികയാണ്. ജനങ്ങൾക്കു ബുദ്ധിമുട്ടില്ലാതെ റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള എല്ലാ നടപടിയും സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

## അതിവേഗ പാതയുടെ വിശദീകരണവുമായി ജനസമക്ഷം സിൽവർലൈൻ തലമുറകൾക്ക് വേണ്ടി: മന്ത്രിമാർ

തലമുറകളെ മുന്നിൽ കണ്ട് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് സിൽവർലൈൻ എന്ന് മന്ത്രിമാരായ കെ. എൻ. ബാലഗോപാലും ജെ. ചിഞ്ചുറാണിയും. സി. കേശവൻ സ്മാരക ടൗൺഹാളിൽ തിരുവന്തപുരം മുതൽ കാസർഗോഡ് വരെ നാലു മണിക്കൂർ മാത്രമെടുത്ത് യാത്ര ചെയ്യാവുന്ന സിൽവർലൈൻ പദ്ധതിയുടെ വിശദീകരണ യോഗത്തിലാണ് മന്ത്രിമാർ ഇക്കാര്യം വ്യക്തമാക്കിയത്.

ആധുനിക സമൂഹത്തിന് അനിവാര്യതയായി മാറുന്ന പദ്ധതിയാണിതെന്ന് അധ്യക്ഷനായ മന്ത്രി കെ. എൻ. ബാലഗോപാൽ പറഞ്ഞു. ഭൂവിസ്തൃതി കുറഞ്ഞ സംസ്ഥാനമായിട്ടും ഒരു കോടിയലധികം വാഹനങ്ങളാണ് കേരളത്തിലുള്ളത്. റോഡ് വികസനം മാത്രം നടത്തി ഇനിയങ്ങോട്ട് ഗതാഗതം സുഗമമാക്കാൻ കഴിയില്ല. പരിമിത നിർമാണ വസ്തുക്കളുടെ സഹായത്തോടെ നിർമിക്കുന്ന അതിവേഗപാതയാണ് ഈ സാഹചര്യത്തിൽ വേണ്ടത്. 50,000 കോടി രൂപയുടെ പശ്ചാത്തല വികസനത്തിന് കൂടിയാണ് പദ്ധതി വഴിയൊരുക്കുക.

പരിസ്ഥിതിസാമൂഹിക ആഘാതം പരമാവധി ലഘൂകരിച്ചുള്ള നിർമാണമാണ് സാധ്യമാക്കുക. ഇന്ധനലാഭവും കുറഞ്ഞ തോതിലുള്ള മലിനീകരണവുമാണ് മുഖ്യസവിശേഷത. നിവലിലുള്ള റെയിൽപാതയിൽ അറുന്നൂറിലേറെ വളവുകൾ ഉള്ളതിനാൽ ട്രെയിനുകളുടെ വേഗവർധനയ്ക്ക് പരിമിതിയുണ്ട്. ഇതു പരിഹരിക്കാൻ അതിവേഗ പാതയ്ക്കാകും. പദ്ധതി യാഥാർത്ഥ്യമാകുന്നത് വഴി അഞ്ച് വർഷം കൊണ്ട് 50,000 തൊഴിലവസരമെങ്കിലുമാണ് പ്രതീക്ഷിക്കുന്നത്. 10,000 സ്ഥിരം തൊഴിലും കണക്കാക്കുന്നു. ഇതെല്ലാം വഴി വലിയ സാമ്പത്തിക ഉത്തേജനമാണ് സംഭവിക്കുക എന്നും ധനകാര്യമന്ത്രി വ്യക്തമാക്കി.

യോഗം ഉദ്ഘാടനം ചെയ്ത മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പൊതുഗതാഗത ചരിത്രത്തിൽ ഇടം നേടുന്ന പദ്ധതിയായി സിൽവർലൈൻ മാറുമെന്ന് പറഞ്ഞു. പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ആശങ്കകൾക്ക് ഇടയാക്കാത്ത വിധം ശാസ്ത്രീയമായ നിർമാണ രീതി പിന്തുടരുകയുമാണ്. ചെലവ് അധികമാകാതെ യാത്രാവേഗം മുമ്പില്ലാത്തവിധം മുന്നിലെത്തിക്കാനുമാകുന്നു. ജനകീയ പദ്ധതിയായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. കാലത്തിന്റെ വേഗത്തിനൊപ്പം ഏറെ നാൾ സഞ്ചരിക്കാവുന്ന പാതയാണിത്. മലിനീകരണ വിമുക്തമായ ഗതാഗതം എന്ന സങ്കൽപമാണ് പദ്ധതി വഴി നടപ്പിലാകുക. സമഗ്രവികസനം അനുബന്ധമായി സാധ്യമാകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പ്രിൻസിപ്പൽ സെക്രട്ടറി കെ. ആർ. ജ്യോതിലാൽ, കെ റെയിൽ മാനേജിംഗ് ഡയറക്ടർ വി. അജിത്ത് കുമാർ, ഫിനാൻസ് ഡയറക്ടർ റെജി ജോൺ എന്നിവർ പങ്കെടുത്തു.




സംസ്ഥാനതല യൂത്ത് ആന്റ് മോഡൽ പാർലമെന്റ് മത്സര വിജയികളുടെ റിപ്പീറ്റ് പെർഫോർമൻസും സമ്മാന വിതരണവും പാർലമെന്ററികാര്യ മന്ത്രി കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

# ജനാധിപത്യ സംവിധാനങ്ങൾ സാമൂഹികവും സാമ്പത്തികവുമായ സമത്വം കൈവരിക്കാൻ പരിശ്രമിക്കണം: മന്ത്രി കെ. രാധാകൃഷ്ണൻ

സ്വാതന്ത്ര്യലബ്ധിക്ക്ശേഷം 75 വർഷം പിന്നിടുമ്പോഴും രാഷ്ട്രീയ സമത്വത്തിന് അപ്പുറം സാമൂഹികവും സാമ്പത്തികവുമായ സമത്വം കൈവരിക്കാനായിട്ടില്ലെന്നും അതിനായുള്ള പരിശ്രമങ്ങൾ തുടരണമെന്നും പാർലമെന്ററികാര്യ, എസ്.സി / എസ്.ടി, ദേവസ്വം മന്ത്രി കെ. രാധാകൃഷ്ണൻ പറഞ്ഞു.

സംസ്ഥാനതല യൂത്ത് ആന്റ് മോഡൽ പാർലമെന്റ് മത്സര വിജയികളുടെ റിപ്പീറ്റ് പെർഫോമൻസും സമ്മാന വിതരണവും സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ ഹാളിൽ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

അംബേദ്കർ വിഭാവനം ചെയ്ത ഭരണഘടനയിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം തുല്യതയാണ്. എന്നാൽ രാഷ്ട്രീയ തുല്യതയ്ക്കപ്പുറം സാമൂഹികവും സാമ്പത്തികവുമായ തുല്യത ഇനിയും രാജ്യം കൈവരിച്ചിട്ടില്ലെന്നും അതിനായി ജനാധിപത്യ സംവിധാനങ്ങൾ പ്രയത്നിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും വിദ്യാഭ്യാസരംഗത്തും കേരളം ബഹുദൂരം മുന്നേറിയിട്ടുണ്ടെന്നും നീതി ആയോഗിന്റെ കണക്കുകൾ പ്രകാരം ബീഹാർ പോലുള്ള സംസ്ഥാനങ്ങളിൽ 50 ശതമാനം ജനങ്ങളും ദരിദ്രരായി ജീവിക്കുമ്പോൾ കേരളത്തിൽ ദരിദ്രരുടെ ശതമാനം 0.71 ആണെന്നും മന്ത്രി പറഞ്ഞു.

ഭരണഘടനാ തത്വങ്ങൾ പാലിക്കപ്പെടണം. നല്ലൊരു സമൂഹം കെട്ടിപ്പടുക്കാനും സാമൂഹിക നൻമയ്ക്കായും കൂടുതൽ കാര്യക്ഷമമായി ജനാധിപത്യ സംവിധാനങ്ങൾ പ്രവർത്തിക്കണമെന്ന് മന്ത്രി പറഞ്ഞു.

നിയമ നിർമ്മാണസഭയുടെ പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കുകയെന്നതും ജനാധിപത്യത്തിന്റെ അടിത്തൂണായ നിയമനിർമ്മാണ സഭകളിലേക്ക് കടന്നുവരാൻ യുവതീ യുവാക്കൾക്ക് പ്രോത്സാഹനം നൽകുകയെന്നതുമാണ് മോഡൽ പാർലമെന്റ് മത്സരത്തിലൂടെ ലക്ഷ്യമാക്കുന്നതെന്ന് അധ്യക്ഷത വഹിച്ച ഗതാഗത മന്ത്രി ആന്റണി രാജു പറഞ്ഞു. പഴയ നിയമസഭാ ഹാളിലെ ചടങ്ങിൽ പങ്കെടുക്കുകയെന്നത് മത്സര വിജയികളെ സംബന്ധിച്ചെടുത്തോളം അവിസ്മരണീയമായ മുഹൂർത്തമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനതല യൂത്ത് ആന്റ് മോഡൽ പാർലമെന്റ് മത്സരങ്ങളിൽ സ്കൂൾതല ജേതാക്കളായ കണ്ണൂർ ഇരിക്കൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിനും കോളേജ് തലത്തിൽ വിജയികളായ തൃശ്ശൂർ പുതുക്കാട് പ്രജ്യോതി നികേതൻ കോളേജിനും മറ്റ് മത്സരങ്ങളിലെ വിജയികൾക്കും കെ. രാധാകൃഷ്ണൻ സമ്മാനം വിതരണം ചെയ്തു.

എം.എൽ.എ സജീവ് ജോസഫ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് ഡയറക്ടർ ജനറൽ ഡോ. ഡിംപി വി ദിവാകരൻ, ബോർഡ് ഓഫ് ഗവേണൻസ് മെമ്പർ എസ്. ആർ ശക്തിധരൻ, രജിസ്ട്രാർ രതീഷ് ജി. ആർ എന്നിവർ പങ്കെടുത്തു.

# അമ്മയെ മുപ്പതിലേറെ തവണ വെട്ടി; മുറിവുകളിൽ കീടനാശിനി ഒഴിച്ചു

പാലക്കാട്: പുതുപ്പരിയാരത്ത് വയോധികരായ ദമ്പതികളെ വെട്ടിക്കൊലപ്പെടുത്തിയ കേസിൽ പ്രതിയായ മകനുമായി വീട്ടിൽ തെളിവെടുപ്പ് നടത്തി. ഇന്നു രാവിലെയാണ് പ്രതി സനലുമായി പോലീസ് തെളിവെടുപ്പിന് എത്തിയത്. അതിക്രൂരമായ കൊലപാതകത്തിന് ശേഷവും യാതൊരു കുറ്റബോധവുമില്ലാതെ നിസംഗനായാണ് പ്രതി പെരുമാറിയത്.

കൊല്ലപ്പെട്ട ഓട്ടൂർക്കാട് പ്രതീക്ഷാനഗർ മയൂരത്തിൽ ചന്ദ്രൻ ദൈവാന ദമ്പതികളുടെ രണ്ടാമത്തെ മകനാണ് സനൽ. രാത്രി ഇയാൾ അമ്മയോടു വെള്ളം ചോദിച്ചു. കൊടുക്കാതിരുന്നതിനെ തുടർന്ന് ആയുധങ്ങളുമായി ക്രൂരമായി ആക്രമിച്ചു.

രണ്ടു കൈകളിലും ഓരോ ആയുധങ്ങൾ എടുത്താണ് സ്വീകരണമുറിയിൽ വച്ച് അമ്മയെ വെട്ടിയത്. മുഖത്തടക്കം മുപ്പതിലേറെ വെട്ടുകളാണ് ഇവരുടെ ശരീരത്തിലുണ്ടായിരുന്നതെന്ന് പോലീസ് പറഞ്ഞു. അച്ഛൻ അടുത്തയിടെയുണ്ടായ അപകടത്തിൽ നട്ടെല്ലിന് പരിക്കേറ്റ് സമീപത്തെ മുറിയിൽ വിശ്രമത്തിലായിരുന്നു.

ഭാര്യയുടെ നിലവിളികേട്ട് ഇദ്ദേഹവും ഉറക്കെ കരഞ്ഞു. ഉടനെ മുറിയിൽ ചെന്ന് സനൽ അച്ഛനെയും വെട്ടി. ഇരുവരുടെയും മുറിവുകളിൽ കീടനാശിനി ഒഴിക്കുകയും ചെയ്തു. മുറിവു വഴി വിഷം കയറാനാണ് ഇങ്ങനെ ചെയ്തതെന്ന് സനൽ പറഞ്ഞു.

ഇരുവരും മരണവെപ്രാളത്തിൽ പിടയുന്നത് നോക്കി നിൽക്കുകയും ചെയ്തു. ഇയാൾ മയക്കുമരുന്നിന് അടിമയാണെന്നാണ് സൂചന. കൊലപാതകത്തിനുശേഷം മൈസൂരിലേക്കു മുങ്ങിയ ഇയാളെ ഇന്നലെ തന്ത്രപൂർവം വിളിച്ചുവരുത്തിയാണ് അറസ്റ്റ് ചെയ്തത്.

ചോദ്യംചെയ്യലിൽ പരസ്പരവിരുദ്ധമായ മറുപടികളാണ് ഇയാൾ നൽകിയിരുന്നതെന്ന് പാലക്കാട് ജില്ലാ പോലീസ് മേധാവി ആർ. വിശ്വനാഥ് പറഞ്ഞു. കൊലപാതക സമയത്തു ധരിച്ചിരുന്ന ടീഷർട്ട് വീടിനു പിന്നിലെ വിറകു കെട്ടിൽ ഒളിപ്പിച്ചശേഷമാണ് സനൽ മൈസൂരിലേക്കു മുങ്ങിയത്.

# കോവിഡ് വ്യാപനം : അതീവ ജാഗ്രതയ്ക്ക് നിർദ്ദേശം

കോവിഡ് വ്യാപനം ഉയരുന്ന പശ്ചാത്തലത്തിൽ എല്ലാവരും അതീവ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യവകുപ്പിന്റെ മുന്നറിയിപ്പ്. എല്ലാവരും രണ്ട് ഡോസ് വാക്സിനെടുക്കണം. 1518 പ്രായമുള്ളവരുടെ വാക്സിനേഷന് സമയബന്ധിത നടപടിയെടുക്കണം. പനിയുള്ള കുട്ടികൾ അസുഖം മാറാതെ സ്കൂളിൽ പോകരുത്. വിദേശത്ത് നിന്ന് എത്തുന്നവർക്ക് 14 ദിവസ ക്വാറന്റൈൻ നിർബന്ധം. ഇക്കാലയളവിൽ രോഗലക്ഷണമുണ്ടെങ്കിൽ കോവിഡ് പരിശോധന നടത്തണം. നെഗറ്റീവ് ആയാലും 14 ദിവസം ക്വാറന്റൈനിൽ കഴിയണം. രോഗലക്ഷണം ഇല്ലാത്തവർക്ക് 7 ദിവസമാണ് കാലാവധി. കോവിഡ് സ്ഥിരീകരിച്ചവരുടെ പരിചാരകർ രണ്ട് ഡോസ് വാക്സിനെടുത്തവരാകണം. ഇവവരുടെ വിവരങ്ങൾ ആരോഗ്യ പ്രവർത്തകരെ അറിയിക്കണം. രോഗികളുടെ പ്രാഥമിക സമ്പർക്ക പട്ടികയിലുള്ളവർ നിർബന്ധമായും പരിശോധനയ്ക്ക് വിധേയരാകണം. വിദേശത്ത് നിന്ന് എത്തുന്നവർ യാത്ര ചെയ്യുന്ന വാഹനങ്ങൾ അണുവിമുക്തമാക്കണം. പ്രത്യേക കാബിൻ സംവിധാനമുള്ള വാഹനങ്ങളാണ് ഉപയോഗിക്കേണ്ടത്. പ്രായമായവർ, കുട്ടികൾ, ഗർഭിണികൾ, ഹൃദ്രോഗം, പ്രമേഹം, വൃക്കരോഗം, രക്താദിസമ്മർദ്ദം എന്നിവയുള്ളവർ വീടിനുള്ളിൽ തുടരണം. വിവാഹം, മരണം തുടങ്ങിയ ചടങ്ങുകൾക്ക് നിശ്ചിത എണ്ണം ആളുകൾ മാത്രം പങ്കെടുക്കണം. മാസ്ക് ധരിക്കുന്നതിനൊപ്പം സാമൂഹിക അകലവും പാലിക്കണം. സാനിറ്റൈസർ കൃത്യമായി ഉപയോഗിക്കണം. ആശുപത്രി സന്ദർശനം അനിവാര്യമെങ്കിൽ മാത്രം. ചികിത്സ ആവശ്യമുള്ളപ്പോൾ ഇസഞ്ജീവനി ആപ്പിന്റെ സേവനം പ്രയോജനപ്പെടുത്താം. കോവിഡ് വ്യാപനത്തെ പ്രതിരോധിക്കാൻ മാർഗനിർദ്ദേശങ്ങളെല്ലാം പാലിക്കാൻ എല്ലാവരും തയ്യാറാകണം എന്ന് ഡി. എം. ഒ അഭ്യർഥിച്ചു.

# സിൽവർ ലൈൻ ജനസമക്ഷം പരിപാടി ഇന്ന് മന്ത്രിമാർ പങ്കെടുക്കും

ആധുനിക സമൂഹത്തിന് യാത്രാവേഗത്തിന്റെ പുതിയ പാതയൊരുക്കുന്ന സിൽവർലൈൻ പദ്ധതിയുടെ വിശദാംശങ്ങൾ ചർച്ച ചെയ്യുന്ന ജനസമക്ഷം പരിപാടി ഇന്ന് (ജനുവരി 12) രാവിലെ 10.30ന് സി. കേശവൻ സ്മാരക ടൗൺ ഹാളിൽ നടക്കും. ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ, മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി എന്നിവർ നേതൃത്വം നൽകും. കെറെയിൽ പ്രോജക്ട്പ്ലാനിംഗ് ഡയറക്ടർ പി. ജയകുമാർ, മാനേജിംഗ് ഡയറക്ടർ വി. അജിത് കുമാർ, ഫിനാൻസ് ഡയറക്ടർ റജി ജോൺ എന്നിവർ പദ്ധതിയുടെ സാങ്കേതിക വശവും പ്രാധാന്യവും വിശദീകരിക്കും. ദേശീയപാത 544 ലെ ബൈപാസിന് സമീപത്ത് കടന്നു പോകുന്ന അതിവേഗ പാതയാണ് വരുന്നത്. നിലവിലെ റെയിൽവെ സ്റ്റേഷനിൽ നിന്ന് 7 കിലോമീറ്റർ മാത്രമാണ് ദൂരം. ആധുനിക സൗകര്യങ്ങളെല്ലാം സംഗമിക്കുന്ന സ്റ്റേഷൻ സമുച്ചയമാണ് നിർമിക്കുക. സിൽവർലൈൻ ഡിപ്പോ സ്റ്റേഷനും ഉണ്ടാകും. ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് ഇവാഹന സൗകര്യം പ്രത്യേകതയാണ്. ജില്ലയൊട്ടാകെ ബന്ധപ്പെടുത്തിയുള്ള യാത്രാസൗകര്യവും ഏർപ്പെടുത്തും. വൈദ്യുത വാഹന ചാർജ്ജിംഗ് സൗകര്യം, ചരക്ക് ഗതാഗതത്തിനായി റോറോ സ്റ്റേഷൻ പ്രത്യേകമായി ഒരുക്കുന്നുമുണ്ട്. 42 കിലോമീറ്ററാണ് ജില്ലയിലൂടെ കടന്നു പോകുന്ന റെയിൽപാതയുടെ ദൂരം.

# സപ്ളൈകോ ഓൺലൈൻ വിൽപനയും ഹോം ഡെലിവറിയും തുടങ്ങി

## ജില്ലാതല ഉദ്ഘാടനം മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിച്ചു

ഓൺലൈൻ ഓർഡർ സ്വീകരിച്ച് വീട്ടുപടിക്കലേക്ക് സാധനങ്ങൾ എത്തിക്കുന്ന സപ്ലൈകോ സംവിധാനത്തിന് ജില്ലയിൽ തുടക്കം.

വിപണി നവീകരണം ലക്ഷ്യമാക്കിയാണ് പുതുരീതി ഏർപ്പെടുത്തിയത്. സബ്സിഡി ഉത്പന്നങ്ങൾ ഒഴികെയുള്ളവയാണ് ഓൺലൈനായി വാങ്ങാവുന്നത്. ഓൺലൈൻ ബില്ലിന് 5 ശതമാനം കിഴിവുണ്ട്. ഓരോ 1000 രൂപ/അതിന് മുകളിലുള്ള ബില്ലിന് 5 ശതമാനം കിഴിവിനൊപ്പം ഒരു കിലോ ആട്ടയും നൽകും. രണ്ടായിരവും മുകളിലുള്ള ബില്ലിനും കിഴിവിനൊപ്പം 250 ഗ്രാം തേയില ലഭിക്കും. അയ്യായിരംവും അതിലധികവും വരുന്ന തുകയ്ക്ക് വാങ്ങിയാൽ കിഴിവിന് പുറമേ ഒരു ലിറ്റർ വെളിച്ചെണ്ണയാണ് ആനുകൂല്യമായി കിട്ടുക. താമരക്കുളം റെഡ്യാർ ഹാളിൽ ഓൺലൈൻ വിൽപനയുടെ ജില്ലാതല ഉദ്ഘാടനം മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിച്ചു. വിലക്കുറവിന്റെ വിപണി നിരന്തരം പ്രവർത്തിപ്പിക്കുന്നതിനും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായുമാണ് ഓൺലൈൻ വിൽപനയെന്ന് മന്ത്രി പറഞ്ഞു. കോവിഡിന്റെ പിടിയിൽപ്പെട്ടപ്പോഴും സാധാരണക്കാർക്കായി സബ്സിഡിയോടെ ഉത്പന്നങ്ങൾ എത്തിക്കാൻ കഴിഞ്ഞു. അത് ഇപ്പോഴും തുടരുകയാണ്. 88 ലക്ഷം സൗജന്യ കിറ്റ് വിതരണം ചെയ്ത് രാജ്യത്തിന് തന്നെ മാതൃകയാകാനും കഴിഞ്ഞു. കുടുംബശ്രീയിലെ സ്ത്രീ കൂട്ടായ്മകൾ നൂറു കണക്കിന് ഹോട്ടലുകൾ നടത്തിയും കുറഞ്ഞ വിലയ്ക്ക് ഭക്ഷണം ലഭ്യമാക്കുന്നു. കർഷകരിൽ നിന്ന് നേരിട്ട് ഉത്പന്നങ്ങൾ വാങ്ങിയും വിലക്കയറ്റം പിടിച്ചു നിറുത്തി. സപ്ലൈകോയിൽ ആധുനികവത്കരണത്തിന്റെ ഭാഗമായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്നും മന്ത്രി വ്യക്തമാക്കി.

മേയർ പ്രസന്ന ഏണസ്റ്റ് അധ്യക്ഷയായി. ഡെപ്യൂട്ടി മേയർ കൊല്ലം മധു, സപ്ലൈകോ ജനറൽ മാനേജർ ടി. പി. സലിം കുമാർ, മേഖലാ മാനേജർ വി. ജയപ്രകാശ്, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ഗസ്റ്റ് അധ്യാപക ഒഴിവ്

ഐ.എച്ച്.ആർ.ഡി. യുടെ കുണ്ടറ കോളേജ് ഓഫ് അപ്ലൈഡ് സയൻസസിൽ 2021 22 അധ്യയന വർഷത്തേക്ക് മാത്തമാറ്റിക്സ് വിഷയത്തിൽ താൽക്കാലിക അടിസ്ഥാനത്തിൽ ഗസ്റ്റ് അധ്യാപക ഒഴിവുണ്ട്.

യോഗ്യത: ബിരുദാനന്തര ബിരുദം, നെറ്റ് അഭികാമ്യം. അസ്സൽ സർട്ടിഫിക്കറ്റുകളും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി നാളെ (ജനുവരി 13) രാവിലെ 11ന് കോളേജിൽ എത്തണം.

ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ് നിയമനം. ഫോൺ 0474 2580866, 9495310482.

# ലോക ബധിര ടി 20 ക്രിക്കറ്റ്

ഓൾ ഇന്ത്യാ സ്പോർട്സ് കൗൺസിൽ ഓഫ് ദി ഡഫിന്റെ നേതൃത്വത്തിൽ ഒന്നാമത്തെ ലോക ടി 20 ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ജനുവരി 10 മുതൽ 20 വരെ തിരുവനന്തപുരത്തു നടത്തും.

ചാമ്പ്യൻഷിപ്പ് നടത്തുന്നതിന് കേരള ക്രിക്കറ്റ് അസോസിയേഷന്റെ പിന്തുണയുണ്ട്.

കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം, സെന്റ് സേവിയേഴ്സ് കോളേജ് സ്റ്റേഡിയം എന്നിവിടങ്ങളിലായാണ് മത്സരങ്ങൾ നടത്തുക. കേരള ബധിര സ്പോർട്സ് കൗൺസിൽ (ഗടഇഉ) ആണ് മത്സരത്തിന്റെ ഉപസംഘാടകർ.

# വ്യവസായ നിക്ഷേപക സംഗമം

സൂക്ഷ്മ ചെറുകിട സംരംഭങ്ങളിലേക്ക് സംരംഭകരെ പ്രാപ്തരാക്കുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രത്തിന്റ ആഭിമുഖ്യത്തിൽ നിക്ഷേപക സംഗമം നടത്തി.

ആശ്രാമം കെ. എസ്. എസ്. ഐ. എ ഹാളിൽ എൻ. കെ. പ്രേമചന്ദ്രൻ എം. പി. ഉദ്ഘാടനം ചെയ്തു. കോർപറേഷൻ കൗൺസിലർ ഹണി അധ്യക്ഷായായി.

ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ബിജു കുര്യൻ മുഖ്യപ്രഭാഷണം നടത്തി.

മാനേജർമാരായ ആർ. ദിനേശ്, കെ. എസ്. ശിവകുമാർ, എസ്. കിരൺ, വികല ഓഫീസർ ബി. വിനോദ് കുമാർ, താലൂക്ക് വ്യവസായ ഓഫീസർ പി. എസ്. കണ്ണനുണ്ണി തുടങ്ങിയവർ പങ്കെടുത്തു.

# സൗര തേജസ് പദ്ധതി; ബോധവൽക്കരണവും സ്പോട്ട് രജിസ്ട്രേഷനും ഇന്ന്

ഗാർഹിക ആവശ്യങ്ങൾക്ക് സൗരോർജ പാനലുകൾ സ്ഥാപിക്കുന്നതിന് 40 ശതമാനം വരെ സബ്സിഡിയോടുകൂടി അനർട്ട് നടപ്പാക്കുന്ന സൗരോർജ പദ്ധതിയുടെ ബോധവൽക്കരണവും സ്പോട്ട് രജിസ്ട്രേഷനും ഇന്ന് (ജനുവരി 12) രാവിലെ 11 മണി മുതൽ വെളിനല്ലൂർ സർവീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ നടത്തും. രണ്ടു മുതൽ മൂന്നു കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റ്റുകൾക്ക് 40 ശതമാനം സബ്സിഡിയും മൂന്ന് കിലോവാട്ടിനു മുകളിൽ 10 കിലോവാട്ട് വരെ ശേഷിയുള്ള പവർ പ്ലാന്റുകൾക്ക് 20 ശതമാനം സബ്സിഡിയും ലഭിക്കും. സാമ്പത്തിക സഹായം ആവശ്യമുള്ളവർക്ക് സബ്സിഡി കഴിഞ്ഞുള്ള തുക കുറഞ്ഞ പലിശ നിരക്കിൽ വിവിധ ബാങ്കുകളിൽനിന്ന് വായ്പയായി ലഭ്യമാക്കും.

കെ.എസ്.ഇ.ബി കൺസ്യൂമർ നമ്പർ, ആധാർ കാർഡ് എന്നിവ കരുതണം. വിവരങ്ങൾക്ക് ഫോൺ www.buymysun.com/osurathejas 9188119402,9495117899.

## അപേക്ഷ ക്ഷണിച്ചു

മരച്ചീനിയും കിഴങ്ങുവിളകളും അടിസ്ഥാനമാക്കി സംരംഭങ്ങൾ ആരംഭിക്കാൻ ജില്ലാ വ്യവസായ കേന്ദ്രം അപേക്ഷകൾ ക്ഷണിച്ചു. മെഷീനുകളും കെട്ടിടവും പോലെയുള്ള സ്ഥിരാസ്തികൾക്ക് ചെലവഴിക്കുന്ന തുകയുടെ 35 ശതമാനം, പരമാവധി 10 ലക്ഷം രൂപ സബ്സിഡി ലഭ്യമാകുന്ന പി.എം.എഫ്.എം.ഇ പദ്ധതി പ്രകാരമുള്ള യൂണിറ്റുകൾക്കായാണ് അപേക്ഷിക്കാവുന്നത്. മാർഗനിർദേശങ്ങളും പരിശീലനവും ജില്ലാ വ്യവസായ കേന്ദ്രം വഴി ലഭിക്കും. അവസാന തീയതി ഇന്ന് (ജനുവരി 12). കൂടുതൽ വിവരങ്ങൾക്ക് 04742748395, 8547633166.

# 156.71 കോടിയിൽ അധികം വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നൽകി

കഴിഞ്ഞ 24 മണിക്കൂറിൽ 92 ലക്ഷത്തിലധികം (92,07,700) ഡോസ് വാക്സിനുകൾ നൽകിയതോടെ, ഇന്ന് രാവിലെ ഏഴ് മണി വരെയുള്ള താത്കാലിക കണക്ക് പ്രകാരം, രാജ്യത്തിതുവരെ നൽകിയ ആകെ വാക്സിനുകളുടെ എണ്ണം 152.89 കോടി (1,52,89,70,294) കടന്നു. 1,63,81,175 സെഷനുകളിലൂടെയാണ് ഇത്രയും ഡോസ് വാക്സിൻ നൽകിയത്.

കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 69,959 പേർ സുഖം പ്രാപിച്ചതോടെ രാജ്യത്താകെ ഇതുവരെ കോവിഡ് മുക്തരായവരുടെ എണ്ണം 3,45,70,131. ആയി. ദേശീയ രോഗമുക്തി നിരക്ക് 96.36%. കഴിഞ്ഞ 24 മണിക്കൂറിൽ പുതുതായി രോഗം സ്ഥിരീകരിച്ചത് 1,68,063 പേർക്കാണ്. നിലവിൽ രാജ്യത്ത് ചികിത്സയിലുള്ളത് 8,21,446 പേരാണ്. ചികിത്സയിലുള്ളത് രാജ്യത്തെ ആകെ രോഗബാധിതരുടെ 2.29 ശതമാനമാണ്.

രാജ്യത്തെ പരിശോധനാശേഷി ഗണ്യമായി വർദ്ധിപ്പിച്ചതോടെ കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 15,79,928 പരിശോധനകൾ നടത്തി. ആകെ 69.31 കോടി (69,31,55,280) പരിശോധനകളാണ് ഇതുവരെ നടത്തിയത്.

പരിശോധനകൾ വർധിപ്പിച്ചപ്പോൾ പ്രതിവാര രോഗസ്ഥിരീകരണ നിരക്ക് നിലവിൽ 8.85 ശതമാനമാണ്. പ്രതിദിന രോഗസ്ഥിരീകരണ നിരക്ക് 10.64 ശതമാനമാണ്.

# ഗാർഹിക മേഖലയിലെ വൈദ്യുതി അപകടങ്ങൾ പരിശോധനയും ബോധവൽക്കരണവും ശക്തമാക്കും

ജില്ലയിൽ വൈദ്യുതഅപകടങ്ങൾ ഒഴിവാക്കുന്നതിന് പരിശോധനയും സമൂഹമാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണവും ശക്തമാക്കാൻ ജില്ലാതല വൈദ്യുത അപകടനിവാരണ സമിതി യോഗത്തിൽ നിർദേശം.

കൊല്ലം, കൊട്ടാരക്കര സർക്കിളുകളിലായി കഴിഞ്ഞവർഷം 31 വൈദ്യുത അപകടങ്ങൾ ഉണ്ടായി. ഏറെയും ഗാർഹിക മേഖലയിലാണ്. ഇരുമ്പ് തോട്ടിയുടെ ഉപയോഗം, ലൈസൻസില്ലാത്ത കോൺട്രാക്ടർമാരുടെ സേവനം, നിലവാരമില്ലാത്ത വയറിങ്, ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നതിലെ അശ്രദ്ധ, ഇ.എൽ.സി.ബി ഒഴിവാക്കുന്നത് എന്നിവ അപകടകാരണങ്ങളായി കണ്ടെത്തിയിട്ടുണ്ട്.

കേബിൾ ടി.വി സ്ഥാപനങ്ങൾ അനധികൃതമായി വൈദ്യുത പോസ്റ്റുകൾ വഴി കേബിളുകൾ സ്ഥാപിക്കുന്നതും അവിദഗ്ധ തൊഴിലാളികളെ ഇതിനായി നിയോഗിക്കുന്നതും അപകടത്തിനിടയാക്കും.

വൈദ്യുത കമ്പിയിൽ തട്ടി നിൽക്കുന്ന മരച്ചില്ലകൾ കാലതാമസമില്ലാതെ മുറിച്ച് മാറ്റുന്നതിനും ഭൂഗർഭ കേബിളുകൾ ഉള്ളയിടങ്ങളിലെ സുരക്ഷിതമായ റോഡ് നിർമ്മാണത്തിനും തദ്ദേശ ഭരണസ്ഥാപനങ്ങൾ, പൊതുമരാമത്ത് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവരുടെ സംയുക്ത നടപടി ആവശ്യമാണ്.

ഇതിനായി വരുംദിവസങ്ങളിൽ ചർച്ചകൾ നടത്തും. എ. ഡി. എമ്മിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വൈദ്യുത ബോർഡ് ഡെപ്യൂട്ടി ചീഫ് എൻജിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, പോലീസ്, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കുടിപ്പള്ളിക്കൂടം ആശാൻമാരുടെ ഗ്രാന്റിന് മുടക്കമില്ല: മന്ത്രി

കോവിഡ് 19നെ തുടർന്ന് ലോക്ക്ഡൗണിന്റെ കാലയളവിൽ കുടിപ്പള്ളിക്കൂടങ്ങളിലെ ആശാൻമാർക്കും ആശാട്ടിമാർക്കും മുടങ്ങിയ വേതനം നൽകാൻ നിർദേശം നൽകിയതായി തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അറിയിച്ചു.

കുടിപ്പള്ളിക്കൂടങ്ങളിൽ അധ്യാപനം നടത്തുന്നവർക്കുള്ള ഗ്രാൻഡ് പ്രാദേശിക സർക്കാരുകൾ തനത് ഫണ്ടിൽ നിന്നാണ് നൽകുന്നത്. കോവിഡ് കാലത്ത് കുടിപ്പള്ളിക്കൂടങ്ങളിൽ ക്ലാസ് നടക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് ആശാൻമാർക്കും ആശാട്ടിമാർക്കും ചിലയിടങ്ങളിൽ ഗ്രാൻഡ് നിഷേധിച്ചത്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ വന്ന ഉടനെ ലോക്കഡൗണിന്റെ ഭാഗമായി കുടിപ്പള്ളിക്കൂടം പ്രവർത്തിക്കാത്ത കാലയളവിൽ ഗ്രാൻഡ് നൽകാൻ തീരുമാനിക്കുകയായിരുന്നുവെന്ന് മന്ത്രി വ്യക്തമാക്കി.

# നാരി ശക്തി പുരസ്കാരം: 2021നായി വനിതാ ശിശു വികസന മന്ത്രാലയം നാമനിർദ്ദേശങ്ങൾ ക്ഷണിച്ചു

2021 ലെ നാരി ശക്തി പുരസ്കാരങ്ങൾക്കായി വനിതാ ശിശു വികസന മന്ത്രാലയം നാമനിർദ്ദേശങ്ങൾ ക്ഷണിച്ചു. ഓൺലൈനായി മാത്രമേ നാമനിർദ്ദേശങ്ങൾ സ്വീകരിക്കുകയുള്ളൂ. 2022 ജനുവരി 31 വരെ ൦൦൦.മ൦മൃ റ.ഴീ.ശി എന്ന പോർട്ടലിൽ നാമനിർദ്ദേശങ്ങൾ ഫയൽ ചെയ്യാം.

സ്ത്രീകളുടെ, പ്രത്യേകിച്ച് ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ സ്ത്രീകളുടെ സാമ്പത്തികവും സാമൂഹികവുമായ ശാക്തീകരണത്തിനായുള്ള മികച്ച പ്രവർത്തനങ്ങൾക്കാണ് അവാർഡുകൾ നൽകുന്നത്. അന്താരാഷ്ട്ര വനിതാ ദിനമായ 2022 മാർച്ച് 8ന് വനിതാ ശിശു വികസന മന്ത്രാലയം നാരി ശക്തി പുരസ്കാരം2021 സമ്മാനിക്കും.

നാരി ശക്തി പുരസ്കാരത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങളും മറ്റ് വിശദാംശങ്ങളും വ്വേു:/ /ംംം.ി ര.ശി/മരേ/ഴൗശറലഹശി ലിമൃ ശവെമസശേൗൃമ സെമൃ2021ീ ംമൃറ െ എന്ന ലിങ്കിൽ ലഭ്യമാണ്.

ഓരോ അവാർഡ് ജേതാവിനും സർട്ടിഫിക്കറ്റും രണ്ട് ലക്ഷം രൂപയും അടങ്ങുന്നതാണ് അവാർഡ്. വ്യക്തികളെയോ സ്ഥാപനങ്ങളെയോ അവാർഡുകൾക്കായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അവാർഡുകളുടെ പരമാവധി എണ്ണം (വ്യക്തികളും സ്ഥാപനങ്ങളും ഉൾപ്പെടെ) 15 വരെ ആകാം. എന്നിരുന്നാലും, വനിതാശിശു വികസന മന്ത്രി അധ്യക്ഷയായ തിരഞ്ഞെടുപ്പ് സമിതിയുടെ വിവേചനാധികാരത്തിൽ ഈ പരമാവധി സംഖ്യയിൽ ഇളവ് അനുവദിക്കാവുന്നതാണ്. ഒരു വ്യക്തി സ്വയം സമർപ്പിക്കുന്ന നാമനിർദേശവും അവാർഡുകൾക്കുള്ള ശുപാർശകളും പരിഗണിക്കപ്പെടും. തിരഞ്ഞെടുപ്പ് സമിതിക്ക് സ്വമേധയാ, മതിയായ ന്യായീകരണത്തോടെ അവാർഡിനായി ഒരു വ്യക്തിയെ/സ്ഥാപനത്തെ ശുപാർശ ചെയ്യാനും ആകും. മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി തല ഓഫീസറുടെ നേതൃത്വത്തിലുള്ള ഒരു സ്ക്രീനിംഗ് കമ്മിറ്റി നാമനിർദ്ദേശങ്ങൾ സൂക്ഷ്മമായി പരിശോധിക്കുകയും ചുരുക്കപ്പട്ടിക തയ്യാറാക്കുകയും ചെയ്യും. സ്ക്രീനിംഗ് കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് സമിതിയായിരിക്കും അന്തിമ തീരുമാനം എടുക്കുന്നത്.



സംസ്ഥാന വനം കായികമേള മന്ത്രി എ.കെ. ശശീന്ദ്രൻ ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിച്ചു

# 156.71 കോടിയിൽ അധികം വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നൽകി

രാജ്യത്തൊട്ടാകെ കോവിഡ്19 പ്രതിരോധ കുത്തിവയ്പ് അതിവേഗത്തിൽ നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. എല്ലാവർക്കും കോവിഡ്19 പ്രതിരോധ കുത്തിവയ്പു നൽകുന്ന പുതിയ ഘട്ടത്തിന് രാജ്യത്ത് 2021 ജൂൺ 21നാണ് തുടക്കമായത്. പ്രതിരോധ മരുന്നു കൂടുതൽ ലഭ്യമാക്കിയതും, സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും മരുന്നുലഭ്യത മുൻകൂട്ടി അറിയാൻ കഴിഞ്ഞതും മികച്ച ആസൂത്രണത്തിനും വിതരണശൃംഖല സുതാര്യമാക്കുന്നതിനും സഹായിച്ചു. രാജ്യവ്യാപക പ്രതിരോധ കുത്തിവയ്പു പരിപാടിയുടെ ഭാഗമായി, സൗജന്യമായി വാക്സിനുകൾ നൽകി കേന്ദ്ര ഗവണ്മെന്റ് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും പിന്തുണ നൽകി വരികയാണ്. കോവിഡ്19 പ്രതിരോധ കുത്തിവയ്പ് പരിപാടിയുടെ പുതിയ ഘട്ടത്തിൽ വാക്സിനുകളുടെ 75% കേന്ദ്ര ഗവണ്മെന്റ് സംഭരിക്കും. ഇങ്ങനെ സംഭരിക്കുന്ന വാക്സിനുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും സൗജന്യമായി നൽകും. കേന്ദ്ര ഗവണ്മെന്റ് സൗജന്യമായി ലഭ്യമാക്കിയതും സംസ്ഥാനങ്ങൾ നേരിട്ട് സംഭരിച്ചതുമുൾപ്പടെ ഇതുവരെ 156.71 കോടിയിലധികം ((1,56,71,24,055) വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കൈമാറിയിട്ടുണ്ട്. 17.11 കോടിയിൽ അധികം (17,11,31,206) കോവിഡ് വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും പക്കൽ ഇപ്പോഴും ലഭ്യമാണ്.

# അമൃത് പദ്ധതി രണ്ടാംഘട്ടം നഗരഭരണ പ്രദേശങ്ങളിൽ സമൂല മാറ്റമുണ്ടാക്കും: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

അമൃത് പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കുടിവെള്ളം, ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം എന്നിവയിലൂന്നി നഗരഭരണ പ്രദേശങ്ങളിൽ സമൂലമായ മാറ്റമുണ്ടാക്കുമെന്നും ഇതിനായുള്ള മാർഗരേഖ രൂപീകരിക്കുന്നത് അന്തിമഘട്ടത്തിലെത്തിയെന്നും തദ്ദേശ സ്വയംഭരണ, എക്സൈസ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. 93 നഗരഭരണ പ്രദേശങ്ങളിൽ അമൃത് പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുമെന്നും അഞ്ചുവർഷം കൊണ്ട് 5000 കോടി രൂപ ഇതിനായി വിനിയോഗിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

അമൃത് പദ്ധതിയുടെ ഒന്നാംഘട്ടം സംസ്ഥാനത്ത് നടപ്പിലാക്കി വരികയാണ്. 2023 മാർച്ച് 31 ഓടെ ഒന്നാംഘട്ടം അവസാനിക്കും. ഒന്നാംഘട്ടത്തിൽ 1001 പ്രോജക്ടുകളാണ് ഉള്ളത്. 2387.29 കോടി രൂപയാണ് ഇതിനായി വിനിയോഗിക്കുക. ഇതുവരെയായി 756 പദ്ധതികളാണ് പൂർത്തീകരിച്ചത്. ബാക്കിയുള്ളവയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അമൃത് ഒന്നാംഘട്ടത്തിന്റെ പ്രവൃത്തികൾ പുരോഗമിക്കുമ്പോൾ സമാന്തരമായി രണ്ടാംഘട്ടത്തിന്റെ മാർഗരേഖ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണെന്ന് മന്ത്രി പറഞ്ഞു.

അമൃത് പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ നഗരപ്രദേശങ്ങളിലെ മാലിന്യനിർമ്മാർജ്ജനം പരാതികളേതുമില്ലാതെ നടപ്പിലാക്കും. ഉറവിടത്തിൽ മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ ശക്തിപ്പെടുത്തും. പരിസ്ഥിതി സൗഹൃദപരമായാണ് പദ്ധതി നടപ്പിലാക്കുന്നത്. നഗര പ്രദേശങ്ങളിൽ മാലിന്യം കൂട്ടിയിട്ടിരിക്കുന്ന പ്രദേശങ്ങളിൽ പൂന്തോട്ടമടക്കമുള്ള നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കും. സമയബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കൃത്യമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

# മുല്ലപ്പെരിയാർ; ജനങ്ങളുടെ സുരക്ഷ പരിഗണിക്കണമെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: മുല്ലപ്പെരിയാർ വിഷയത്തിൽ ജനങ്ങളുടെ സുരക്ഷയാണ് പരിഗണിക്കേണ്ടതെന്നും വിരുദ്ധ നിലപാടുള്ള തർക്കമായല്ല കണക്കാക്കേണ്ടതെന്നും സുപ്രീം കോടതി. കോടതി പരിഗണിക്കേണ്ട വിഷയങ്ങളെ കുറിച്ച് ധാരണയിലെത്താൻ ഹർജിക്കാർക്ക് സുപ്രീം കോടതി നിർദ്ദേശം നൽകി.

അണക്കെട്ടിന്റെ ഭരണം സംബന്ധിച്ച വിഷയങ്ങൾ കോടതിക്ക് പരിഗണിക്കാൻ കഴിയില്ല. ജലനിരപ്പ്, ജലമൊഴുക്കൽ തുടങ്ങിയവ വിദഗ്ധ സമിതിയാണ് തീരുമാനിക്കേണ്ടത്. ഭരണം നടത്താനല്ല കോടതി. കേസിലെ കക്ഷികളുടെ വിരുദ്ധ നിലപാടുകളല്ല മറിച്ച് അണക്കെട്ടിനു താഴെ താമസിക്കുന്ന ജനങ്ങളുടെ സുരക്ഷ മാത്രമാണ് കോടതി പരിഗണിക്കുകയെന്ന് ജസ്റ്റിസ് എ എം ഖാൻവിൽക്കർ, ദിനേഷ് മഹേശ്വരി, സി ടി രവികുമാർ എന്നിവരുൾപ്പെട്ട ബെഞ്ച് വ്യക്തമാക്കി.

കോടതി തീർപ്പ് കൽപ്പിക്കേണ്ട വിഷയങ്ങൾ കേസിലെ കക്ഷികൾ യോഗം ചേർന്ന് സംയുക്തമായി തീരുമാനിക്കണം. ഇക്കാര്യം കേസുകളുമായി ബന്ധപ്പെട്ട കക്ഷികളുടെ അഭിഭാഷകർ നേരത്തെ കോടതിയെ അറിയിച്ചതാണ്. സംയുക്ത യോഗത്തിൽ ഉയരുന്ന സമവായങ്ങളും തർക്കങ്ങളും കോടതിയെ അറിയിക്കണമെന്നും ഇന്നലത്തെ ഉത്തരവിൽ ബെഞ്ച് വ്യക്തമാക്കിയിട്ടുണ്ട്. ഇന്നലെ കേസ് പരിഗണിക്കവെ കേസിലെ പരിഗണനാ വിഷയങ്ങൾ സംബന്ധിച്ച് തർക്കം ഉടലെടുത്തിരുന്നു.

കേസിലെ അഭിഭാഷകർ തമ്മിൽ നടക്കുന്ന യോഗത്തിന്റെ തീരുമാനങ്ങൾ ഫെബ്രുവരി നാലിന് കോടതിയെ അറിയിക്കണം. ഫെബ്രുവരി രണ്ടാം വാരം കേസുകൾ കോടതി വീണ്ടും പരിഗണനയ്ക്ക് എടുക്കുമെന്നും ബഞ്ച് വ്യക്തമാക്കി.

മുല്ലപ്പെരിയാർ അണക്കെട്ടിന് ബലക്ഷയം സംഭവിച്ച് അണക്കെട്ടിന് അനിഷ്ടമായത് എന്തെങ്കിലും സംഭവിച്ചാൽ ഇടുക്കി അണക്കെട്ടും തകരുമെന്നും അതോടെ കേരളത്തിലെ അമ്പത് ലക്ഷത്തോളം ജനങ്ങളുടെ ജീവന് അപകടം സംഭവിക്കുമെന്നുമാണ് അണക്കെട്ടിന്റെ പഴക്കം ചൂണ്ടിക്കാട്ടി കേരളം ഉന്നയിക്കുന്ന പ്രധാന ആശങ്ക.

# അഫ്സ്പ; നാഗാലാൻഡിൽ ജനകീയ പ്രക്ഷോഭം ശക്തമാകുന്നു

കൊഹിമ: അഫ്സ്പ പിൻവലിക്കണമെന്നാവശ്യപ്പെട്ട് നാഗാലാൻഡിൽ ജനകീയ പ്രക്ഷോഭം ശക്തമാകുന്നു. വ്യവസായകേന്ദ്രമായ ദിമാപുരിൽ നിന്ന് സംസ്ഥാന തലസ്ഥാനമായ കൊഹിമയിലേക്ക് 70 കിലോമീറ്ററുകൾ ദൂരം ജനങ്ങൾ കാൽനടയാത്ര സംഘടിപ്പിച്ചു.

നൂറുകണക്കിന് പേരുടെ പങ്കാളിത്തത്തോടെ നടന്ന വാക്കത്തോൺ നിയമത്തിനെതിരായ പ്രതിഷേധത്തിന്റെ ശക്തി വിളിച്ചോതുന്നതായി. സായുധ സേനയ്ക്ക് പ്രത്യേക അധികാരം നൽകുന്ന നിയമം പിൻവലിക്കണമെന്നും മോൺ ജില്ലയിൽ സൈനികരുടെ വെടിയേറ്റ് കൊല്ലപ്പെട്ട ഗ്രാമീണർക്ക് നീതി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടായിരുന്നു പ്രതിഷേധമാർച്ച്.

അഫ്സ്പ പിൻവലിക്കണമെന്ന് ശക്തമായ ആവശ്യം ഉയർന്നതിനുശേഷവും കേന്ദ്ര സർക്കാർ അതെല്ലാം അവഗണിച്ചുകൊണ്ട്, ആറ് മാസത്തേക്കുകൂടി നിയമത്തിന്റെ കാലാവധി നീട്ടിനൽകിയതും സംസ്ഥാനത്ത് പ്രതിഷേധം രൂക്ഷമാകാൻ കാരണമായിട്ടുണ്ട്. കേന്ദ്ര സർക്കാരിനെതിരെയുള്ള പ്രതിഷേധത്തിന്റെ ഭാഗമായികൂടിയാണ് മാർച്ചിൽ സ്വമേധയാ പങ്കാളികളാകാൻ ജനങ്ങൾ ഒഴുകിയെത്തിയതെന്ന് വളണ്ടിയർമാർ പറഞ്ഞു.

തിങ്കളാഴ്ച ആരംഭിച്ച മാർച്ച് ഇന്നലെ രാത്രിയോടെയാണ് കൊഹിമയിൽ സമാപിച്ചത്.

സൈനികരുടെ വെടിവയ്പ്പിനെത്തുടർന്ന് സമൂഹ മാധ്യമങ്ങളിലൂടെ നടന്ന ശക്തമായ ക്യാമ്പയിന്റെ ഭാഗമായാണ് വാക്കത്തോൺ എന്ന ആശയം ഉയർന്നുവന്നത്. ഇതിന് നിരവധി ആദിവാസി സംഘടനകളും സന്നദ്ധ സംഘടനകളും പിന്തുണ പ്രഖ്യാപിച്ചതോടെ വലിയ ജനക്കൂട്ടം മാർച്ചിൽ പങ്കാളികളാകാനെത്തി.

തങ്ങൾക്ക് മനുഷ്യരെന്ന അവകാശം തിരിച്ചുകിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, മുദ്രാവാക്യങ്ങൾ രേഖപ്പെടുത്തിയ പ്ലക്കാർഡുകളേന്തിയാണ് മാർച്ചിൽ ജനങ്ങൾ അണിനിരന്നത്.

# ചുട്ടുപഴുത്ത സ്പൂൺ വായിൽ വച്ച് പെൺകുട്ടിയെ കൊലപ്പെടുത്തി

തിരുച്ചിറപ്പള്ളി: ചുട്ടുപഴുത്ത സ്പൂൺ വായിൽ വച്ചും മുളക് കത്തിച്ച് ശ്വസിപ്പിച്ചും മൂന്നാംക്ലാസുകാരിയെ അമ്മയും ബന്ധുവും ചേർന്ന് കൊലപ്പെടുത്തി. ബന്ധുവിന്റെ വീട്ടിൽ നിന്ന് 70 രൂപ മോഷ്ടിച്ചുവെന്നാരോപിച്ചാണ് പെരമ്പലൂർ വേപ്പംതട്ടൈ ദിടിയൂർകുപ്പം സ്വദേശിനി മഹാലക്ഷ്മിയെ (10) ക്രൂരമായി കൊലപ്പെടുത്തിയത്. വ്യാഴാഴ്ചയാണു സംഭവം. വീടിനു സമീപമുള്ള ബന്ധുവീട്ടിൽ നിന്ന് 70 രൂപ കാണാതായിരുന്നു. പലഹാരം വാങ്ങുന്നതിനായി കുട്ടിയാണ് പണമെടുത്തതെന്ന് ബന്ധുവായ മല്ലിക പെൺകുട്ടിയുടെ അമ്മയോട് പറഞ്ഞു.

ഇതുകേട്ട് ദേഷ്യം വന്ന അമ്മ സ്പൂൺ അടുപ്പിൽ വച്ച് പഴുപ്പിച്ച് കുട്ടിയുടെ വായിലും തുടയിലും പൊള്ളലേൽപിച്ചു. അടുപ്പിൽ ഉണക്കമുളകിട്ടു പുക ശ്വസിപ്പിച്ചു. ഇതോടെ കുട്ടി അവശയായി.

സമീപത്തെ ഫാർമസിയിൽനിന്നു മരുന്ന് വാങ്ങി നൽകിയെങ്കിലും ആരോഗ്യനില വഷളായി.

പിന്നീട് വായിലും തുടയിലും ഗുരുതരമായി പൊള്ളലേറ്റ നിലയിൽ പെൺകുട്ടിയെ തിരുച്ചിറപ്പള്ളി സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. ചൈൽഡ് വെൽഫെയർ കമ്മിറ്റി കുട്ടിയുടെ വീട്ടിലെത്തിയതോടെയാണ് ക്രൂരത പുറത്തറിഞ്ഞത്. പിന്നീട് ആരോഗ്യനില വഷളായതോടെ പെൺകുട്ടി മരിക്കുകയായിരുന്നു.

അരുമ്പാവൂർ പൊലീസ് അസ്വാഭാവിക മരണത്തിനു കേസെടുത്തു. അമ്മയെയും ബന്ധുവിനെയും കസ്റ്റഡിയിലെടുത്തു ചോദ്യം ചെയ്തുവരികയാണ്.

# ആരോഗ്യമേഖലയിലെ കിഫ്ബി പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തി

തിരുവനന്തപുരം: സംസ്ഥാനത്ത് കിഫ്ബി ധനസഹായത്തോടെ ആരോഗ്യ മേഖലയിൽ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി ആരോഗ്യ മന്ത്രി വീണാ ജോർജ്ജിന്റെ നേതൃത്വത്തിൽ വിലയിരുത്തി.

വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ നടപ്പാക്കി വരുന്ന വികസന പദ്ധതികളുടെ എസ്പിവികളായ വാപ്കോസ്, ഇൻകൽ, കെഎച്ച്ആർഡബ്ല്യുഎസ്, കെഎസ്ഇബി, ബിഎസ്എൻഎൽ, ഹൗസിങ് ബോർഡ്, കിറ്റ്കോ, ഹൈറ്റ്സ് എന്നിവയുമായാണ് മന്ത്രി പ്രത്യേകം ചർച്ച നടത്തിയത്.

ആശുപത്രികളിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ മന്ത്രി നിർദേശം നൽകി. ആശുപത്രികളിൽ 84 ഓളം നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. നിർമ്മാണ പ്രവർത്തനങ്ങളിലെ കാലതാമസം നിർബന്ധമായും ഒഴിവാക്കാൻ ഇടപെടണമെന്ന് എസ്പിവികൾക്ക് മന്ത്രി നിർദേശം നൽകി. നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസമായ വിഷയങ്ങൾ പരിഹരിക്കേണ്ടതാണ്.

ഒരുതരത്തിലുള്ള കാലതാമസവും അംഗീകരിക്കാനാവില്ല. എസ്പിവികളുടെ പ്രവർത്തനങ്ങൾ പ്രത്യേകമായി വിലയിരുത്തിയാകും മുന്നോട്ട് പോകുകയെന്നും മന്ത്രി അറിയിച്ചു.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. ആശ തോമസ്, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ, ജോ. സെക്രട്ടറി ഡോ. ശ്രീറാം വെങ്കിട്ടരാമൻ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. വി ആർ രാജു, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. എ റംലാ ബീവി എന്നിവർ പങ്കെടുത്തു.

# കഷ്ടിച്ച് ജയിച്ച് യുണൈറ്റഡ്

ലണ്ടൻ: എഫ് എ കപ്പിൽ മാഞ്ചസ്റ്റർ യുണൈറ്റഡിന് വിജയം. ആസ്റ്റൺ വില്ലയെ ഏകപക്ഷീയമായ ഒരു ഗോളിന് തകർത്താണ് യുണൈറ്റഡ് നാലാം റൗണ്ടിൽ പ്രവേശിച്ചത്. സ്കോട്ട് മക്ടോമിനെയാണ് വിജയഗോൾ നേടിയത്. ആസ്റ്റൺ വില്ല 433 എന്ന ഫോർമേഷനിലിറങ്ങിയപ്പോൾ പതിവിൽ നിന്നും വ്യത്യസ്തമയി 4231 എന്ന ഫോർമേഷനിലാണ് യുണൈറ്റഡിറങ്ങിയത്.

എട്ടാം മിനിറ്റിൽ തന്നെ മാഞ്ചസ്റ്റർ യുണൈറ്റഡ് ലീഡ് എടുത്തു. ഫ്രെഡ് നൽകിയ ക്രോസിൽ നിന്ന് ഒരു ഹെഡറിലൂടെ മക്ടോമിനെ ആണ് യുണൈറ്റഡിന് ലീഡ് നൽകിയത്. ഇതിനു ശേഷം മഗ്ഗിനിന്റെ ഷോട്ടിൽ നിന്ന് ഒരു ഡിഹിയയുടെ സേവും വാറ്റ്കിൻസിന്റെ ഷോട്ട് ക്രോസ് ബാറിൽ തട്ടി മടങ്ങുന്നതും കാണാൻ ആയി. ആസ്റ്റൺ വില്ല ഒരു ഭാഗത്ത് അറ്റാക്ക് നടത്തുമ്ബോൾ മറുവശത്ത് യുണൈറ്റഡും അവസരങ്ങൾ സൃഷ്ടിച്ചു. കവാനിയുടെയും ഷോയുടെയും ഗോളെന്ന് ഉറച്ചുള്ള ഷോട്ടുകൾ മാർട്ടിനസ് സേവ് ചെയ്യുന്നത് കാണാൻ ആയി.

രണ്ടം പകതി ആസ്റ്റൺ വില്ല മികച്ച പ്രകടനം കാഴ്ചവച്ച് സമനിലഗോൾ നേടിയെങ്കിലും ഫൗൾ കാരണം ഗോൾ നിഷേധിക്കപ്പെട്ടു. ക്രിസ്റ്റ്യാനോ റൊണാൾഡോയില്ലാതെയാണ് യുണൈറ്റഡ് ആസ്റ്റൺ വില്ലയ്ക്കെതിരെയിറങ്ങിയത്.

## താത്പര്യപത്രം ക്ഷണിച്ചു

തൃപ്പൂണിത്തുറ ഗവ. സംസ്കൃത കോളേജിലെ പുതിയ അഡ്മിനിസ്ട്രേറ്റീവ്/ അക്കാദമിക് ബ്ലോക്കിലെ പ്രിൻസിപ്പൽ റൂം, ഓഫീസ്, ലേഡീസ് ഹോസ്റ്റൽ, ലൈബ്രറി എന്നിവിടങ്ങളിലെ ഫർണിഷിങ്/ ഇന്റീരിയർ വർക്കുകൾക്ക് താത്പര്യപത്രം ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: 04842777444.

## ഭക്ഷ്യഭദ്രത പ്രകാശനം 17ന്

സംസ്ഥാന ഭക്ഷ്യ കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന 'ഭക്ഷ്യ ഭദ്രത' ത്രൈമാസിക ആദ്യലക്കത്തിന്റെ പ്രകാശനം 17ന് രാവിലെ 10ന് ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ പ്രകാശനം ചെയ്യും. സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്കിൽ രണ്ടാം നിലയിലുള്ള ധനകാര്യമന്ത്രിയുടെ ചേംബറിൽ നടക്കുന്ന ചടങ്ങിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ ആദ്യപതിപ്പ് ഏറ്റുവാങ്ങും.

# ഗണിത വിജയം, സംസ്ഥാനതല സൗത്ത് സോൺ പരിശീലനത്തിന് തുടക്കമായി

സമഗ്ര ശിക്ഷ കേരള, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവ സംയുക്തമായി മൂന്ന്, നാല് ക്ലാസ്സുകളിലെ കുട്ടികൾക്കായി നടപ്പിലാക്കുന്ന 'ഗണിതവിജയം' സംസ്ഥാനതല സൗത്ത്സോൺ പരിശീലന പരിപാടിക്ക് കൊട്ടിയം ക്രിസ്തുജ്യോതിസ് അനിമേഷൻ കേന്ദ്രത്തിൽ തുടക്കമായി. ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ നിർവഹിച്ചു.

കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ 46 അധ്യാപകർ പങ്കെടുക്കുന്നുണ്ട്. പരിശീലനത്തിൽ കുട്ടികളുടെ ഗണിതശാസ്ത്ര പഠനം അധ്യാപകരുടേയും രക്ഷിതാക്കളുടെയും പിന്തുണയോടെ രസകരമാക്കുന്നതിനുള്ള പരിശീലനവും ഗണിത കിറ്റ്, വീഡിയോകൾ എന്നിവയും നൽകി. പരിശീലനം ഇന്ന് (ജനുവരി 12) സമാപിക്കും. എസ്.എസ്. കെ കൊല്ലം ഡി. പി. സി രാധാകൃഷ്ണൻ ഉണ്ണിത്താൻ അധ്യക്ഷനായി. ജില്ലാ പ്രോഗ്രാം ഓഫീസർ എച്ച്. ആർ. അനിത, ഡയറ്റ് പ്രിൻസിപ്പൽ ഡോ. എസ്. ഷീജ, ചാത്തന്നൂർ ബി.ആർ.സി ബി. പി. സി എ. ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

# ഗസ്റ്റ് അധ്യാപക ഇന്റർവ്യൂ

തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ സൈക്കോളജി വിഭാഗത്തിൽ ഗസ്റ്റ് അധ്യാപക നിയമനത്തിനുള്ള ഇന്റർവ്യൂ 14ന് രാവിലെ 11ന് നടത്തും. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാരുടെ മേഖലാ ഓഫീസുകളിൽ ഗസ്റ്റ് ലക്ചറർമാരുടെ പാനലിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികൾ യോഗ്യത, ജനനതീയതി, മുൻപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ, മേഖലാ ഓഫീസിൽ രജിസ്റ്റർ ചെയ്തത് തെളിയിക്കുന്നതിനുള്ള രേഖകൾ എന്നിവ സഹിതം അഭിമുഖത്തിന് ഹാജരാകണം.



സെൽഫി വിത്ത് സപ്ലൈകോ പ്രോഡക്ട്സ്' മത്സരത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രിമാരായ ജി.ആർ അനിൽ, വി.ശിവൻകുട്ടി, ആന്റണി രാജു എന്നിവർ ചേർന്ന് നിർവഹിക്കുന്നു

## ഐപിഎൽ സ്പോൺസറായി ടാറ്റ

ഐ പി എല്ലിന്റെ മുഖ്യ സ്പോൺസറായി ടാറ്റയുടെ വരവ്. വിവോ സ്പോൺസർഷിപ്പ് പിൻവലിക്കാൻ തീരുമാനിച്ചതോടെയാണ് ഇന്ത്യൻ പ്രീമിയർ ലീഗിന് പുതിയ ടൈറ്റിൽ സ്പോൺസറായി രാജ്യത്തെ ഏറ്റവും വലിയ കോർപ്പറേറ്റുകളിലൊന്നായ ടാറ്റയുടെ ചുവടുവെപ്പ്. വിവോക്ക് ഇനിയും രണ്ട് വർഷത്തെ കരാർ ഐ പി എല്ലുമായി ഉണ്ടായിരുന്നു. ഈ രണ്ട് വർഷം ഇനി ടാറ്റ ആകും ഐ പി എല്ലിന്റ എ സ്പോൺസഷിപ്പ്. ഐപിഎൽ ഗവേണിംഗ് കൗൺസിൽ (ഐജിസി) യോഗത്തിലാണ് ഇതിന് തീരുമാനം ആയത്. രാജ്യത്തെ ഏറ്റവും വലിയ കോർപ്പറേറ്റുകളിലൊന്നാണ് ടാറ്റ. ഏകദേശം 2,200 കോടിക്കായിരുന്നു വിവോയുമായുള്ള കരാറുണ്ടായിരുന്നത്. ടാറ്റയുടെ കരാർ തുക ഇതിലും ഉയർന്നേക്കാനാണ് സാധ്യത. കരാർ എത്ര വർഷത്തേക്കാണെന്ന വിവരവും ഔദ്യോഗികമായി പുറത്തുവിട്ടിട്ടില്ല.

# കുപ്പിവെള്ളത്തിന് വില കുറയില്ല; അപ്പീൽ തള്ളി

കൊച്ചി: കുപ്പിവെള്ളത്തിന്റെ വില പതിമൂന്ന് രൂപയായി നിശ്ചയിച്ച ഉത്തരവ് സ്റ്റേ ചെയ്ത സിംഗിൾ ബെഞ്ച് വിധിക്കെതിരെ സംസ്ഥാന സർക്കാർ നൽകിയ അപ്പീൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളി. എതിർവാദങ്ങളുമായി സംസ്ഥാന സർക്കാരിന് സിംഗിൾ ബെഞ്ചിനെ സമീപിക്കാമെന്ന് വ്യക്തമാക്കിയാണ് ഡിവിഷൻ ബെഞ്ച് ഉത്തരവ്.

വെള്ളത്തിനു വിലയിടാൻ സംസ്ഥാന സർക്കാരിന് അധികാരമില്ലെന്നു ചൂണ്ടിക്കാട്ടിയാണ്, സിംഗിൾ ബെഞ്ച് വില പതിമൂന്ന് രൂപയായി നിശ്ചയിച്ച ഉത്തരവ് റദ്ദാക്കിയത്. അവശ്യസാധന വില നിയന്ത്രണ നിയമപരിധിയിൽ ഉൾപ്പെടുത്തിയാണ്, കുപ്പിവെള്ളത്തിനു വില നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. അതിനാൽ അവശ്യസാധനങ്ങളുടെ പട്ടികയിലുള്ള കുപ്പിവെള്ളത്തിന് വിലനിയന്ത്രിക്കാൻ കഴിയുമെന്നായിരുന്നു സർക്കാർ വാദം. സർക്കാർ ഉത്തരവ് ചോദ്യം ചെയ്തു കുപ്പിവെള്ള ഉല്പാദകരുടെ സംഘടന സമർപ്പിച്ച ഹർജിയിലായിരുന്നു സിംഗിൾ ബെഞ്ചിന്റെ നടപടി. ഭക്ഷ്യസുരക്ഷാ നിയമം അനുസരിച്ച് പാക്ക് ചെയ്ത വരുന്ന ഭക്ഷ്യ വസ്തുക്കളുടെ വിലനിർണയം നടത്തേണ്ടത് കേന്ദ്ര സർക്കാരെന്നായിരുന്നു നേരത്തെ ഹർജിക്കാർ വാദിച്ചത്. വെള്ളത്തിനു വില നിശ്ചയിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരിനാണെന്ന് ചൂണ്ടിക്കാട്ടിയ കോടതി, വിഷയത്തിൽ കേന്ദ്രത്തിന്റെ നിലപാടു തേടിയിരുന്നു. എന്നാൽ കുപ്പിവെള്ളം ഈ പട്ടികയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും വില നിയന്ത്രണത്തിന് തടസമില്ലെന്നാണ് സംസ്ഥാന സർക്കാർ അപ്പീലിൽ പറഞ്ഞിരുന്നത്.

# പുലിക്കുട്ടികളിലൊന്നിനെ കൂട്ടിൽ നിന്നും വീണ്ടെടുത്ത് അമ്മപ്പുലി കടന്നു

പാലക്കാട്: പുലിക്കുട്ടികളിൽ ഒന്നിനെ വീണ്ടെടുത്ത് അമ്മപ്പുലി കടന്നു. അകത്തേത്തറ ഉമ്മിനിയിൽ അടഞ്ഞുകിടക്കുന്ന വീട്ടിൽ കണ്ടെത്തിയ പുലിക്കുട്ടികളിൽ ഒന്നിനെയാണ് കെണിയായി വച്ച കൂട്ടിൽനിന്നും അമ്മപ്പുലി കൊണ്ടുപോയത്. ആദ്യ ദിവസം പുലിയെ കൂടുവച്ച് പിടികൂടാൻ ശ്രമിച്ച് പരാജയപ്പെട്ടപ്പോൾ വനപാലകർ കഴിഞ്ഞ ദിവസം രണ്ടു പുലിക്കുട്ടികളെയും കൂട്ടിൽവെച്ചു നടത്തിയ പരീക്ഷണത്തിനിടെയാണ് കുഞ്ഞുങ്ങളിലൊന്നിനെ അമ്മപ്പുലി കൈക്കലാക്കിയത്. ബുധനാഴ്ച പുലർച്ചയോടെയാണ് അമ്മപ്പുലി കൂടിനുള്ളിൽ നിന്നും കുഞ്ഞിനെ കൊണ്ടുപോയത്.

പുലർച്ചെ നാല് മണിയോടെയാണ് പുലി എത്തിയതെന്ന് സിസിടിവി ദൃശ്യങ്ങളിൽ വ്യക്തമായി. പുലിയെ കൂടി പിടികൂടാനാണ് പുലിക്കുഞ്ഞുങ്ങളെ കൂട്ടിൽ വെച്ചിരുന്നത്. ക രണ്ടാമത്തെ കുഞ്ഞിനെ വനംവകുപ്പ് ഉദ്യോഗസ്ഥർ വഓഫീസിലേക്ക് മാകറ്റി. ഇന്ന് വൈകിട്ട് അടുത്ത പുലിക്കുട്ടിയേയും കൂട്ടിൽ വെയ്ക്കുമെന്ന് അധികൃതർ പറഞ്ഞു. പുലി ഈ കുഞ്ഞിനെയും കൂടി കൊണ്ടുപോകുമെന്ന പ്രതീക്ഷയിലാണ് വനം ഉദ്യോഗസ്ഥർ. അകത്തേത്തറ ഉമ്മിനിയിൽ അടഞ്ഞുകിടക്കുന്ന വീട്ടിൽ പുലിയും കുട്ടികളുമെന്ന വാർത്ത ഞായറാഴ്ചയാണ് പുറം ലോകമറിഞ്ഞത്. ഉമ്മിനിപപ്പാടി റോഡരികിലുള്ള, ഭാഗികമായി തകർന്ന വീട്ടിലെ മുറിക്കുള്ളിൽ നിന്ന് ഒന്നരയാഴ്ചകൾ മാത്രം പ്രായമായ പുലിക്കുട്ടികൾക്ക് തള്ളപ്പുലിയുടെ സംരക്ഷണമില്ലാതെ അതിജീവിക്കാനാവില്ലെന്ന് മൃഗസംരക്ഷണ വിദഗ്ധരും വനം ഉദ്യോഗസ്ഥരും വ്യക്തമാക്കിയതോടെയാണ് കുഞ്ഞുങ്ങളെ തള്ളപ്പുലിക്ക് വീണ്ടെടുക്കാവും വിധം സൗകര്യമൊരുക്കിയത്.

# 25ാമത് ദേശീയ യുവജന ഉത്സവം പുതുച്ചേരിയിൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു

25ാമത് ദേശീയ യുവജന ഉത്സവം പുതുച്ചേരിയിൽ പ്രധാനമന്ത്രി

ശ്രീ നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ ഉദ്ഘാടനം ചെയ്തു. സ്വാമി വിവേകാനന്ദന്റെ ജന്മദിനമായ ഇന്ന് ദേശീയ യുവജന ദിനമായി ആചരിക്കുന്നു. ചടങ്ങിൽ, മേരെ സപ്നോ കാ ഭാരത് (എന്റെ സ്വപ്നത്തിലെ ഇന്ത്യ), ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ അറിയപ്പെടാത്ത നായകർ (അൺസങ് ഹീറോസ് ഓഫ് ഇന്ത്യൻ ഫ്രീഡം മൂവ്മെന്റ്)" എന്നീ വിഷയങ്ങളിലെ തെരഞ്ഞെടുത്ത ഉപന്യാസങ്ങൾ പ്രധാനമന്ത്രി പ്രകാശനം ചെയ്തു. ഈ രണ്ട് വിഷയങ്ങളിലായി ഒരു ലക്ഷത്തിലധികം യുവജനങ്ങൾ സമർപ്പിച്ച ലേഖനങ്ങളിൽ നിന്നാണ് ഈ ഉപന്യാസങ്ങൾ തെരഞ്ഞെടുത്തത്. ഏകദേശം 122 കോടി രൂപ ചെലവഴിച്ച് പുതുച്ചേരിയിൽ സ്ഥാപിച്ച എം.എസ്.എം.ഇ (സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ) മന്ത്രാലയത്തിന്റെ സാങ്കേതിക കേന്ദ്രവും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. പുതുച്ചേരി ഗവൺശമന്റ് ഏകദേശം 23 കോടി രൂപ ചെലവിൽ നിർമ്മിച്ച ഓപ്പൺ എയർ തീയേറ്റർ ഉൾപ്പെടെയുള്ള ഓഡിറ്റേറിയമായ പെരുന്തലൈവർ കാമരാജർ മണിമണ്ഡപവും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. കേന്ദ്ര മന്ത്രിമാരായ ശ്രീ അനുരാഗ് സിംഗ് താക്കൂർ, ശ്രീ നാരായൺ റാണെ, ശ്രീ ഭാനു പ്രതാപ് സിംഗ് വർമ്മ, ശ്രീ നിസിത് പ്രമാണിക്, ഡോ തമിഴിസൈ സൗന്ദരരാജൻ പുതുച്ചേരി മുഖ്യമന്ത്രി ശ്രീ എൻ. രംഗസ്വാമി, സംസ്ഥാന മന്ത്രിമാർ, പാർലമെന്റംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് പ്രധാനമന്ത്രി ദേശീയ യുവജന ദിനത്തിൽ രാജ്യത്തിന് ആശംസകൾ നേർന്നു. ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഈ വർഷത്തെ അദ്ദേഹത്തിന്റെ ജന്മദിനം കൂടുതൽ പ്രചോദനാത്മകമാണെന്ന് സ്വാമി വിവേകാനന്ദനെ വണങ്ങിക്കൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. ശ്രീ അരബിന്ദോയുടെ 150ാം ജന്മവാർഷികവും മഹാകവി സുബ്രഹ്മണ്യ ഭാരതിയുടെ 100ാം ചരമവാർഷികവും ഇതേ വർഷം തന്നെ നടക്കുന്നതിനാൽ ഈ വർഷത്തെ അധിക പ്രാധാന്യവും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. "ഈ രണ്ട് സന്യാസിവര്യന്മാർക്കും പുതുച്ചേരിയുമായി പ്രത്യേക ബന്ധമുണ്ട്. ഇരുവരും സാഹിത്യപരവും ആത്മീയവുമായ യാത്രയിൽ പരസ്പരം പങ്കാളികളുമായിരുന്നു", പ്രധാനമന്ത്രി പറഞ്ഞു.

ഇന്ന് ലോകം ഇന്ത്യയെ പ്രതീക്ഷയോടെയും വിശ്വാസത്തോടെയുമാണ് നോക്കുന്നതെന്ന് പ്രാചീന രാജ്യത്തിന്റെ യുവത്വത്തെക്കുറിച്ച് പരാമർശിച്ചുകൊണ്ട് പ്രധാനമന്ത്രി, പറഞ്ഞു. ഇന്ത്യ ജനസംഖ്യാപരമായ ചെറുപ്പമാണ്, ഇന്ത്യയുടെ മനസ്സും ചെറുപ്പമാണ് അതാണ് കാരണം. ഇന്ത്യയുടെ സാദ്ധ്യതകളിലും സ്വപ്നങ്ങളിലും യുവത്വമുണ്ട്. തന്റെ ചിന്തകളിലും അതുപോലെ ബോധത്തിലും ഇന്ത്യ ചെറുപ്പമാണ്. ഇന്ത്യൻ ചിന്തയും തത്വചിന്തയും എല്ലായ്പ്പോഴും മാറ്റത്തെ അംഗീകരിച്ചിട്ടുണ്ടെന്നും അതിുകൊണ്ടുതന്നെ പ്രാചീനതയിൽ ആധുനികതയുണ്ടെന്നും അദ്ദേഹം പറഞ്ഞു. അത്യാവശ്യഘട്ടങ്ങളിലെല്ലാം രാജ്യത്തെ യുവജനങ്ങൾ മുന്നോട്ടു വന്നിട്ടുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. ദേശീയബോധം ഭിന്നിക്കപ്പെടുമ്പോഴെല്ലാം ശങ്കരനെപ്പോലുള്ള യുവാക്കൾ വന്ന് ആദിശങ്കരാചാര്യനായി രാജ്യത്തെ ഐക്യത്തിന്റെ നൂലിഴയിൽ തുന്നിക്കെട്ടുന്നുണ്ട്. നിഷ്ഠൂരഭരണത്തിന്റെ കാലത്ത്, ഗുരു ഗോവിന്ദ് സിംഗ് ജിയുടെ നാലു മക്കളെ പോലുള്ള യുവാക്കളുടെ ത്യാഗങ്ങളാണ് ഇന്നും നമ്മെ നയിക്കുന്നത്. ഇന്ത്യൻ സ്വാതന്ത്ര്യത്തിനായി ത്യാഗം ആവശ്യമായി വന്നപ്പോൾ, ഭഗത് സിംഗ്, ചന്ദ്രശേഖർ ആസാദ്, നേതാജി സുഭാഷ് തുടങ്ങിയ യുവ വിപ്ലവകാരികൾ തങ്ങളുടെ ജീവിതം രാജ്യത്തിനായി സമർപ്പിക്കാൻ മുന്നോട്ട് വന്നു. രാജ്യത്തിന് ആത്മീയ പുനരുജ്ജീവനം ആവശ്യമായി വന്നപ്പോഴെല്ലാം അരബിന്ദോയെയും സുബ്രഹ്മണ്യൻ ഭാരതിയെയും പോലുള്ള സന്യാസിവര്യന്മാർ രംഗത്തെത്തെത്തിയിരുന്നുന്നെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

ഇന്ത്യയിലെ യുവതയ്ക്ക് ജനാധിപത്യ മൂല്യത്തോടൊപ്പം ജനസംഖ്യാപരമായ നേട്ടങ്ങളും ഉണ്ടെന്നും അവരുടെ ജനാധിപത്യ വീതാംശം സമാനതകളില്ലാത്തതാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യ അതിന്റെ യുവജനങ്ങളെ ജനസംഖ്യാപരമായ നേട്ടമായും വികസന ചാലകമായും കണക്കാക്കുന്നു, അദ്ദേഹം ഊന്നിപ്പറഞ്ഞു. ഇന്ന്, ഇന്ത്യയിലെ യുവതയ്ക്ക് സാങ്കേതികവിദ്യയുടെ ചാരുതയുണ്ടെങ്കിൽ, ജനാധിപത്യത്തിന്റെ ബോധവും ഉണ്ടെന്ന് പ്രധാനമന്ത്രി തറപ്പിച്ചുപ്പറഞ്ഞു. ഇന്ന്, ഇന്ത്യയിലെ യുവതയ്ക്ക് കഠിനാദ്ധ്വാനത്തിനുള്ള കഴിവുണ്ടെങ്കിൽ, ഭാവിയെക്കുറിച്ച് വ്യക്തതയുമുണ്ട്. അതുകൊണ്ടാണ് ഇന്ത്യ ഇന്ന് പറയുന്നത് നാളെയുടെ ശബ്ദമായി ലോകം കണക്കാക്കുന്നത്. സ്വാതന്ത്ര്യസമരത്തിന്റെ കാലത്ത് രാജ്യത്തിന് വേണ്ടി എല്ലാം ത്യജിക്കാൻ യുവതലമുറ ഒരു നിമിഷം പോലും മടിച്ചിരുന്നില്ലെന്ന് പ്രധാനമന്ത്രി പറഞ്ഞു. എന്നാൽ ഇന്നത്തെ യുവ ജനങ്ങൾ രാജ്യത്തിന് വേണ്ടി ജീവിക്കുകയും നമ്മുടെ സ്വാതന്ത്ര്യ സമര സേനാനികളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുകയുമാണ് വേണ്ടത്. പഴയ സ്ഥിര രൂപങ്ങളുടെ ഭാരംപേറാല്ല യുവതയുടെ കഴിവുകൾ, അതിനെ എങ്ങനെ ഇളക്കണമെന്ന് തനിക്കറിയാമെന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പുതിയ വെല്ലുവിളികൾക്കും പുതിയ ആവശ്യങ്ങൾക്കും അനുസൃതമായി സ്വയം പരിണമിക്കാനും സമൂഹത്തെ വികസിപ്പിക്കാനും പുതിയവ സൃഷ്ടിക്കാനും ഈ യുവത്വത്തിന് കഴിയും. ഇന്നത്തെ യുവജനങ്ങൾക്ക് 'ചെയ്യാൻ കഴിയും (കാൻ ഡു) എന്ന മനോഭാവമുണ്ട്, അത് ഓരോ തലമുറയ്ക്കുള്ള പ്രചോദത്തിന്റെ സ്രോതസാണെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

ഇന്ന് ഇന്ത്യയിലെ യുവാക്കൾ ആഗോള സമൃദ്ധിയുടെ നിയമാവലി രചിക്കുകയാണെന്ന് പ്രധാനമന്ത്രി പ്രശംസിച്ചു. ലോകമെമ്പാടുമുള്ള യൂണികോൺ പരിസ്ഥിതിയിൽ വിലമതിക്കപ്പെടേണ്ട ഒരു ശക്തിയാണ് ഇന്ത്യൻ യുവത്വം. ഇന്ത്യക്ക് ഇന്ന് 50,000ത്തിലധികം സ്റ്റാർട്ടപ്പുകളുടെ ശക്തമായ പരിസ്ഥിതിയുണ്ട്. ഇതിൽ പതിനായിരത്തിലധികം സ്റ്റാർട്ടപ്പുകൾ മഹാമാരിയുടെ വെല്ലുവിളികൾക്കിടയിൽ ഉയർന്നുവന്നവയാണ്. നവ ഇന്ത്യയുടെ മന്ത്രം പ്രധാനമന്ത്രി നൽകി മത്സരിക്കുക, കീഴടക്കുക. അതായത്, ഇടപെടുകയും, വിജയിക്കുകയും ചെയ്യുക. ഒന്നിക്കുകയും യുദ്ധം വിജയിക്കുകയും ചെയ്യുക. ഒളിമ്പിക്സിലെയും പാരാലിമ്പിക്സിലെയും പ്രകടനവും പ്രതിരോധ കുത്തിവയ്പ്പ് യജ്ഞത്തിലെ യുവജനതയുടെ പങ്കാളിത്തവും വിജയിക്കാനുള്ള ഇച്ഛാശക്തിയുടെയും യുവതയ്ക്കിടയിലെ ഉത്തരവാദിത്ത ബോധത്തിന്റെയും തെളിവായി പ്രധാനമന്ത്രി ഉദ്ധരിച്ചു. ആൺമക്കളും പുത്രിമാരും തുല്യരാണെന്ന വിശ്വാസമാണ് ഗവൺമെന്റിനുള്ളതെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ഇത് പരിഗണിച്ച് പെൺമക്കളുടെ ഉന്നമനത്തിനായാണ് വിവാഹപ്രായം 21 ആക്കി ഉയർത്താൻ ഗവൺമെന്റ് തീരുമാനിച്ചത്. പെൺമക്കൾക്കും അവരുടെ ജീവിതഗതി ഉണ്ടാക്കാൻ കഴിയും, അവർക്ക് കൂടുതൽ സമയവും ലഭിക്കും, ആ ദിശയിലേക്കുള്ള സുപ്രധാനമായ ഒരു ചുവടുവെപ്പാണ് ഇതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സ്വന്തം സംഭാവനകൾക്ക് അവർ അർഹിക്കുന്ന അംഗീകാരം ലഭിക്കാതെ പോയ നിരവധി പോരാളികൾ നമ്മുടെ സ്വാതന്ത്ര്യസമര പോരാട്ടത്തിൽ ഉണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. നമ്മുടെ യുവാക്കൾ എത്രയധികം എഴുതുന്നുവോ, അത്തരം മഹാന്മാരെക്കുറിച്ച് ഗവേഷണം നടത്തുന്നുവോ അത്രയധികം രാജ്യത്തെ വരും തലമുറകളിൽ അവബോധം വർദ്ധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ശുചിത്വത്തിനായുള്ള യജ്ഞത്തിനായി ശബ്ദമുയർത്താനും സംഭാവന നൽകാനും അദ്ദേഹം യുവാക്കളോട് ആഹ്വാനം ചെയ്തു.

ഇന്ത്യയിലെ യുവജനങ്ങളുടെ മനസ്സിനെ രൂപപ്പെടുത്താനും അവരെ രാഷ്ട്രനിർമ്മാണത്തിനുള്ള ഒരു ഏകീകൃത ശക്തിയാക്കി മാറ്റാനും ലക്ഷ്യമിടുന്നതാണ് ദേശീയ യുവജന ഉത്സവം. സാമൂഹിക ഐക്യത്തിനും ബൗദ്ധികവും സാംസ്കാരികവുമായ ഏകീകരണത്തിനുമുള്ള ഏറ്റവും വലിയ പരിശ്രമങ്ങളിലൊന്നാണിത്.

ഇന്ത്യയുടെ വൈവിദ്ധ്യമാർന്ന സംസ്കാരങ്ങളെ വളർത്തിയെടുക്കാനും അവയെ ഏക് ഭാരത്, ശ്രേഷ്ഠ ഭാരത് (ഏക ഭാരതം, ശ്രേഷ്ഠ ഭാരതം) എന്ന ഏകീകൃത നൂലുകൊണ്ട് സമന്വയിപ്പിക്കാനുമാണ് ഇത് ലക്ഷ്യമിടുന്നത്.

# 76 പേർക്ക് കൂടി ഒമിക്രോൺ സ്ഥിരീകരിച്ചു

സംസ്ഥാനത്ത് 76 പേർക്ക് കൂടി ഒമിക്രോൺ സ്ഥിരീകരിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. തൃശൂർ 15, പത്തനംതിട്ട 13, ആലപ്പുഴ 8, കണ്ണൂർ 8, തിരുവനന്തപുരം 6, കോട്ടയം 6, മലപ്പുറം 6, കൊല്ലം 5, കോഴിക്കോട് 4, കാസർഗോഡ് 2, എറണാകുളം 1, വയനാട് 1 എന്നിങ്ങനെയാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്.

തമിഴ്നാട് നിന്നും വന്ന ഒരാൾക്കും ഒമിക്രോൺ ബാധിച്ചു. 59 പേർ ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും 7 പേർ ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും വന്നതാണ്.

9 പേർക്ക് സമ്പർക്കത്തിലൂടെയാണ് ഒമിക്രോൺ ബാധിച്ചത്. തൃശൂർ 3, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം 2 വീതം എന്നിങ്ങനെയാണ് സമ്പർക്കത്തിലൂടെ രോഗം ബാധിച്ചത്.

പത്തനംതിട്ടയിലെ സ്വകാര്യ നഴ്സിംഗ് കോളേജിൽ ഒമിക്രോൺ ക്ലസ്റ്റർ രൂപപ്പെട്ടിട്ടുണ്ട്. വിദേശത്ത് നിന്നും എത്തിയയാളുടെ സമ്പർക്കത്തിലുള്ള വിദ്യാർത്ഥിയിൽ നിന്നും പകർന്നതാണെന്ന് സംശയിക്കുന്നു.

തൃശൂർ യുഎഇ 9, ഖത്തർ 2, ജർമനി 1, പത്തനംതിട്ട യുഎഇ 5, ഖത്തർ 1, കുവൈറ്റ് 1, ആയർലാൻഡ് 2, സ്വീഡൻ 1, ആലപ്പുഴ യുഎഇ 3, സൗദ്യ അറേബ്യ 2, ഖത്തർ 1, കണ്ണൂർ യുഎഇ 7, ഖത്തർ 1, തിരുവനന്തപുരം യുഎഇ 3, യുകെ 2, ഖത്തർ 1, കോട്ടയം യുഎഇ 3, യുകെ 1, മലപ്പുറം യുഎഇ 6, കൊല്ലം യുഎഇ 4, ഖത്തർ 1, കോഴിക്കോട് യുഎഇ 4, കാസർഗോഡ് യുഎഇ 2, എറണാകുളം ഖത്തർ 1, വയനാട് യുഎഇ 1 എന്നിങ്ങനെ വന്നവരാണ്. ഇതോടെ സംസ്ഥാനത്ത് ആകെ 421 പേർക്കാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്.

ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും 290 പേരും ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും ആകെ 85 പേരും എത്തിയിട്ടുണ്ട്. 43 പേർക്കാണ് ആകെ സമ്പർക്കത്തിലൂടെ രോഗം ബാധിച്ചത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്ന 3 പേരാണുള്ളത്.

## ടെക്നിക്കൽ അസിസ്റ്റന്റ് ഇന്റർവ്യൂ

തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് ആശുപത്രി കാര്യാലയത്തിൽ കരാർ അടിസ്ഥാനത്തിൽ ടെക്നിക്കൽ അസിസ്റ്റന്റിനെ (എക്സ്റേ) നിയമിക്കുന്നതിന് 21ന് രാവിലെ 11 മണിക്ക് തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. ഉദ്യോഗാർത്ഥികൾ എസ്.എസ്.എൽ.സി പാസ്സായവരും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന സർട്ടിഫൈഡ് റേഡിയോളജിക്കൽ അസിസ്റ്റന്റ് കോഴ്സ് അല്ലെങ്കിൽ സർക്കാർ അംഗീകരിച്ച തത്തുല്ല്യയോഗ്യതയോ നേടിയിരിക്കണം. രണ്ട് വർഷത്തെ പ്രവൃത്തി പരിചയം അഭിലഷണീയം. ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളും, അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ബയോഡേറ്റയും സഹിതം രാവിലെ 10.30ന് തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ ഹാജരാകണം. ഉദ്യോഗാർത്ഥികൾ കോവിഡ് മാനദണ്ഡം കർശനമായി പാലിക്കണം.

# 112 തീരദേശറോഡുകൾ ഇന്ന് നാടിന് സമർപ്പിക്കും

പത്ത് ജില്ലകളിലെ 36 നിയോജക മണ്ഡലങ്ങളിലായി 112 തീരദേശ റോഡുകൾ ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ ഇന്ന് (ജനുവരി 13) നാടിന് സമർപ്പിക്കും. തീരദേശത്തെ അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന തീരദേശ റോഡുകളുടെ നവീകരണ പദ്ധതിയുടെ ഭാഗമായി ഹാർബർ എൻജിനിയറിങ് വകുപ്പാണ് റോഡുകൾ നിർമിച്ചത്. ആകെ 62.7 കിലോമീറ്റർ നീളം വരുന്ന റോഡുകൾ 44.40 കോടി രൂപ ചെലവഴിച്ചാണ് നിർമ്മിച്ചത്.

തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് സർക്കാർ നടപ്പാക്കിവരുന്ന പ്രധാനപ്പെട്ട പദ്ധതികളിലൊന്നാണ് തീരദേശ റോഡുകളുടെ നവീകരണ പദ്ധതിയെന്നു മന്ത്രി പറഞ്ഞു. പദ്ധതിയുടെ ഭാഗമായി ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 803 കോടി രൂപ അടങ്കൽ വരുന്ന 1,850 റോഡുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയും 1,205 റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ തുടർച്ചയാണ് ഉദ്ഘാടനം ചെയ്യുന്ന പദ്ധതികളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഓഖി, പ്രളയം, ചുഴലിക്കാറ്റ്, കോവിഡ് മഹാമാരി എന്നിവ കാരണം ഏറ്റവും കൂടുതൽ കഷ്ടത അനുഭവിക്കുന്ന തീരദേശ ജനതയുടെ സമഗ്ര വികസനത്തിനും ഉന്നതിക്കുമായി ദീർഘവീക്ഷണത്തോടെയുള്ള വിവിധ പദ്ധതികളും ഇടപെടലുകളുമാണ് സർക്കാർ നടത്തി വരുന്നതെന്ന് മന്ത്രി പറഞ്ഞു.

## പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് സ്കീം: അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഏർപ്പെടുത്തിയിട്ടുള്ള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പിന് താല്പര്യമുള്ളവർ വ്യവസ്ഥകൾ അനുസരിച്ചുള്ള അപേക്ഷകൾ ഓൺലൈനായി ഫെബ്രുവരി അഞ്ചിനകം സമർപ്പിക്കണം.

സയൻസ് വിഷയങ്ങളിലോ എൻജിനിയറിങ് വിഷയങ്ങളിലോ ഗവേഷണ ബിരുദം നേടിയിട്ടുള്ളവർക്ക് അപേക്ഷിക്കാം. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് രണ്ട് വർഷത്തേക്ക് പ്രതിമാസം 45,000 രൂപയും മറ്റ് ആനുകൂല്യങ്ങളും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: www. kscste. kerala. gov.in, esanil. kscste @kerala. gov.in, 0471 2548250




വാമനപുരം ബ്ലോക്ക് പഞ്ചായത്ത് തെള്ളിക്കച്ചാൽ ക്ഷീര സംഘം മന്ദിരോദ്ഘാടനവും ക്ഷീര സംഗമവും മന്ത്രി ചിഞ്ചു റാണി ഉദ്ഘാടനം ചെയ്യുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.